കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റുചീട്ടു സഹിതം)

നം.കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി.4-722/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.
കൽപ്പറ്റ – 673121
തീയതി. 12.11.2019
ഫോൺ: 04936-203672
e-mail:dowyd.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

പ്രസിഡന്റ് സെക്രട്ടറി മുഖേന
നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം: നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്-2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ 3-1, 3-2, 3-3ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗംകൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത

കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1)ഡയറക്ടർ, കേരള സംസ്ഥാന വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ(ഡബ്ല്യൂ.വൈ.ഡി)പി.4/722/2019 തിയതി: 12.11.2019

<u>വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

<u>(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)</u>

വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.07.2018 മുതൽ 31.07.2019 തിയ്യതിവരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

.. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. . ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിരത്തിന്റെയോ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീമതി. വസന്ത.പി.എസ്. ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.08.2019 മുതൽ 08.08.19വരെയും 19.08.2019 മുതൽ 24.08.19 വരെയും |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ ഒ.കെ അഗസ്റ്റ്യൻ ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.അലി അക്ബർ കെ, അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഇന്ദു.കെ.നായർ,ഓഡിറ്റർ |
| | ശ്രീമതി.ടിജി വർഗ്ഗീസ്, ഓഡിറ്റർ |

(ബി) നിർവഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ശോഭൻകുമാർ | 01.04.2018മുതൽ 31.03.2019വരെ |
| വൈസ് പ്രസിഡന്റ് | ശ്രീമതി.നിർമ്മല മാത്യു | 01.04.2018മുതൽ 31.03.2019വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (വികസനകാര്യം) | ശ്രീ.ഫൈസൽ.സി | 01.04.2018മുതൽ 31.03.2019വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ക്ഷേമകാര്യം) | ശ്രീമതി.പുഷ്പ ഭാസ്കരൻ | 01.04.2018മുതൽ 31.03.2019വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ആരോഗ്യം വിദ്യാഭ്യാസം) | ശ്രീ.ബാലൻ.വി | 01.04.2018മുതൽ 31.03.2019വരെ |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. വി. ഉസ്മാൻ | 01.04.2018മുതൽ 25.06.2018വരെ |
| | [illegible] | [illegible] |

| | | |
|---|---|---|
| | ശ്രീ ജോർജ്ജ് കെ.എം | 25.06.2018മുതൽ<br>09.11.2018വരെ<br>(പൂർവ്വാഹ്നം) |
| | ശ്രീമതി ഷോബി കെ.ബി | 09.11.2018 മുതൽ<br>(അപരാഹ്നം)<br>15.11.2018 വരെ<br>(പൂർവ്വാഹ്നം) |
| | ശ്രീ വിജയൻ ടി.വി | 15.11.2018മുതൽ<br>31.03.2019വരെ |
| അസി.സെക്രട്ടറി | ശ്രീമതി.കെ.ബി ഷോബി | 01.04.2018മുതൽ<br>31.03.2019വരെ |
| മെഡിക്കൽ ഓഫീസർ<br>(പി എച്ച് സി) | ഡോ.ദാഹിർ മുഹമ്മദ് | 01.04.2018മുതൽ<br>31.03.2019വരെ |
| ഐ.സി.ഡി.എസ് | ശ്രീമതി.സ്മിതാ തോമസ് | 01.04.2018മുതൽ<br>31.03.2019വരെ |
| വെറ്ററിനറി സർജൻ | ഡോ അസൈനാർ | 01.04.2018മുതൽ<br>31.03.2019വരെ |
| വി.ഇ.ഒ. | ശ്രീ. ലെനിൻ. ടി.ഇ. | 01.04.2018മുതൽ<br>25.07.2018വരെ |
| | ശ്രീ മുഹമ്മദ് നൗഫൽ | 26.07.2018 മുതൽ<br>30.07.2018വരെ |
| | ശ്രീ. ബിജു. | 31.07.2018മുതൽ<br>31.03.2019വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ചിത്ര എ.ആർ. | 01.04.2018മുതൽ<br>31.03.2019വരെ |
| അസി. എഞ്ചിനീയർ | ശ്രീ.സലോഷ്.കെ.എൽദോ | 01.04.2018മുതൽ<br>31.10.2018വരെ |
| | ശ്രീ.ശ്രീജിത്ത്. എസ്. | 31.10.2018മുതൽ<br>31.03.2019വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി.ഷീലാ തോമസ് | 01.04.2018മുതൽ<br>31.03.2019വരെ |
| മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ഡോ.നിഷ | 01.04.2018മുതൽ<br>31.03.2019വരെ |
| മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | ഡോ.രഞ്ജിത്ത് | 01.04.2018മുതൽ<br>31.03.2019വരെ |

## ഉള്ളടക്കം


| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം - 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |

| | | |
|---|---|---|
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | ഇ-ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയില്ല. | 1-12 |
| 13 | സാംഖ്യാ രശീതി സൂക്ഷിപ്പിലെ അപാകതകൾ | 1-13 |
| 14 | ബിൽഡിംഗ് പെർമ്മിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ | 1-14 |
| 15 | തെരുവു വിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-15 |
| 16 | തെരുവു വിളക്ക് സ്ഥാപിക്കൽ പദ്ധതി - കൂടുതൽ നിരക്ക് രേഖപ്പെടുത്തി ടെണ്ടർ അംഗികരിച്ചു | 1-16 |
| 17 | സോളാർ പാനൽ സ്ഥാപിക്കൽ പദ്ധതി | 1-17 |
| 18 | അംഗണവാടി കെട്ടിട നിർമ്മാണം - പ്രവർത്തി പൂർത്തീകരണ/മൂല്യനിർണ്ണയ വിവരം ലഭ്യമാക്കിവയിട്ടില്ല. | 1-18 |
| 19 | സർവ്വശിക്ഷാ അഭിയാൻ പദ്ധതി-വിശദമായ മൂല്യനിർണ്ണയമില്ല | 1-19 |
| 20 | ലൈഫ് ഭവനപദ്ധതി – നടത്തിപ്പിലെ അപാകതകൾ | 1-20 |
| 21 | ടി.എസ്.പി. ലൈഫ് ഭവനനിർമ്മാണ പദ്ധതി - പൂർത്തിയായ വീടിന് വണ്ടും ധനസഹായം നൽകി | 1-21 |
| 22 | ടി.എസ്.പി. ലൈഫ് ഭവനനിർമ്മാണ പദ്ധതി - പ്ലാസ്റ്റർ ചെയ്ത വീടിന് വണ്ടും പ്ലാസ്റ്ററിംഗിന് പണം നൽകി | 1-22 |
| 23 | സ്കൂൾ ഫർണിച്ചർ വിതരണ പദ്ധതി - ലക്ഷ്യം കണ്ടില്ല. | 1-23 |
| 24 | ഗോത്രതാളം - വാദ്യോപകരണ പരിശീലനവും സംഘ രൂപീകരണവും പദ്ധതി- നടത്തിപ്പിലെ അപാകതകൾ | 1-24 |
| 25 | വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണപദ്ധതി - അപാകതകൾ | 1-25 |
| 26 | സാംസ്കാരിക നിലയങ്ങൾ/വായനശാലകൾ എന്നിവയ്ക്ക് പത്ര വിതതരണം | 1-26 |
| 27 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1-27 |
| 28 | മരുന്നുകൾ ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നു. | 1-28 |
| 29 | പ്രവൃത്തികൾ നടപ്പാക്കാത്തതിനാൽ പഞ്ചായത്തിന് ഫണ്ടുകൾ നഷ്ടമാകുന്നു. | 1-29 |
| 30 | പഞ്ചായത്ത് ബിറ്റുമിൻ വാങ്ങി നൽകിയെങ്കിലും വർക്കുകൾ പൂർത്തീകരിച്ചില്ല | 1-30 |
| 31 | ടണ്ടർ ബിലോ കുറവു ചെയ്യാതെ തുക അനുവദിച്ചു - 4,84,585/- രൂപ കരാറുകാരന് അധികം നൽകി | 1-31 |
| 32 | ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തി ഓവർഹെഡ്സ് ചാർജ്ജ് ഉൾപ്പെട്ട എസ്റ്റിമേറ്റ് മൂല്യനിർണ്ണയത്തോടൊപ്പം നികുതി തുകകൾ വീണ്ടും അനുവദിച്ചതിനാൽ അധികച്ചെലവ് | 1-32 |
| 33 | എസ്റ്റിമേറ്റിൽ ലംപ്സം പ്രൊവിഷനായി വൻ തുക ഉൾക്കൊള്ളിക്കുന്നതിനാൽ ഫണ്ട് പാഴാവുന്നു | 1-33 |
| 34 | സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ | 1-34 |
| 35 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ അക്കൗണ്ടിലെ നീക്കിയിരിപ്പ് സംബന്ധിച്ച് | 1-35 |
| | ഭാഗം - 3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | | |
|---|---|---|
| 36 | സ്കൂളുകൾക്ക് ഫർണിച്ചർ വിതരണപദ്ധതി – ലക്ഷ്യം കണ്ടില്ല | 3-1 |
| 37 | ബിറ്റുമെൻ വാങ്ങി നൽകിയ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 3-2 |
| 38 | ടെണ്ടർ ബിലോ കുറവു ചെയ്യാതെ തുക അനുവദിച്ചു. | 3-3 |
| 39 | ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തി ഓവർഹെഡ്സ് ചാർജ്ജ് ഉൾപ്പെട്ട എസ്റ്റിമേറ്റ് മൂല്യനിർണ്ണയത്തോടൊപ്പം നികുതി തുകകൾ വീണ്ടും അനുവദിച്ചതിനാൽ അധികച്ചെലവ് | 3-4 |
| ഭാഗം – 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 40 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 41 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 42 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 43 | മൊബിലൈസേഷന് അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 44 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 45 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 46 | ഓഡിറ്റ് റിക്കവറി | 4-7 |
| 47 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 48 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 51 | അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം | |
| 52 | അനുബന്ധം - 2 വാർഷിക കണക്കിലെ അപാകതകൾ | |
| 51 | അനുബന്ധം - 3 വാർഷിക കണക്കിന്റെ സംക്ഷിപ്തം | |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

08.02.2019 തീയതിയിലെ 1 -)ം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 16.02.2019 തീയതിയിലെ 1 -)ം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | ഓഡിറ്റിൽ സ്വീകരിച്ച തീയതി |
|---|---|---|---|
| 31.07.2019 | 20.04.2019 | - | 20.04.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ്

## പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹1,35,68,554/- |
| വരവ് | ₹13,62,71,780/- |
| ആകെ | ₹14,98,40,334/- |
| ചെലവ് | ₹12,89,38,555/- |
| നീക്കിയിരിപ്പ് | ₹2,09,01,779/- |

## 1-4 ഫണ്ട് വിനിയോഗം(ACR)

| ഫണ്ടിനം | മുൻ ബാക്കി (₹) | വരവ് തുക (₹) | ആകെ (₹) | ചെലവ് തുക(₹) | നീക്കി ബാക്കി(₹) |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ (ACR പ്രകാരം) | 0 | 3,55,02,000/- | 3,55,02,000/- | 2,64,18,353/- | 90,83,647/- |
| വികസനഫണ്ട് എസ്.സി.പി. (ACR പ്രകാരം) | 0 | 21,94,000/- | 21,94,000/- | 15,29,070/- | 6,64,930/- |
| വികസന ഫണ്ട് ടി.എസ്.പി(ACR പ്രകാരം) | 0 | 2,49,50,000/- | 2,49,50,000/- | 2,49,46,424/- | 3,576/- |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 21,87,77,000/- | 21,87,77,000/- | 1,03,82,206/- | 1,14,94,794/- |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 62,49,000/- | 62,49,000/- | 30,89,948/- | 31,59,052/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 1,93,12,492/- | 1,93,12,492/- | 1,25,61,552/- | 67,50,940/- |
| ജനറൽ പർപ്പസ് ഗ്രാന്റ് | 39,43,683/- | 1,47,75,165/- | 1,87,18,848/- | 84,88,675/- | 1,02,30,173/- |

ACR ലെ വിവരങ്ങളാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയത് ടി.എസ്.പി, സംരക്ഷണ ഗ്രാന്റ് (റോഡ്) എന്നീ ഫണ്ടുകളുടെ ചെലവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്ക് പ്രകാരം ടി.എസ്.പി.യിലെ ചെലവ് തുക 2,49,44,706/- രൂപയും സംരക്ഷണ ഗ്രാന്റ് (റോഡ്) ഇനത്തിൽ ചെലവ് തുക 1,00,94,359/- രൂപയുമാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 303 | 208673582 | 121 | 101781251 | 30 | 152 | 49 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 15065/- | 1572525/- | 1587590/- | 1525795/- | 61795/- |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 55455376/- | 55455376/- | 55455376/- | 55455376/- | |
| മെറ്റീരിയൽസ് | 5861624/- | 5861624/- | 5861624/- | 5861624/- | |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,38,240/- | 140 |
| കർഷകതൊഴിലാളി പെൻഷൻ | 43,43,200/- | 370 |
| വിധവാപെൻഷൻ | 1,65,57,300/- | 1378 |
| വാർദ്ധക്യകാലപെൻഷൻ | 1,98,93,600/- | 1769 |
| വികലാംഗപെൻഷൻ | 39,14,300/- | 330 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 1,50,000/- | 5 |

# 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)ം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07/08/2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6750/-രൂപ (ആറായിരത്തി എഴുന്നൂറ്റി അൻപത് ) യുടെ നീക്കിയിരിപ്പ് കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

കൃത്യമായി ഓഫീസ് മീറ്റിങ്ങുകൾ ചേർന്നിട്ടുണ്ട്. ഓഫീസ് ഓർഡർ നൽകിയിട്ടുണ്ട്. ജീവനക്കാരുടെ പ്രവർത്തന അവലോകനം നടത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ ക്ലറിക്കൽ ജീവനക്കാരെ നിയമിച്ചുകൊണ്ടുള്ള ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിച്ചിട്ടുണ്ട്. തപാൽ വിതരണം കാര്യക്ഷമമാണ്. മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വിവിധ സ്റ്റാൻറിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ, കരട് പദ്ധതി നിർദ്ദേശങ്ങളുടെ വിശദമായ ചർച്ച തുടങ്ങിയവ മിനട്സിൽ രേഖപ്പെടുത്തിയിട്ടില്ല. കരട് പദ്ധതി നിർദ്ദേശങ്ങൾ ഫോറം 1 ൽ

തയ്യാറാക്കി സ്റ്റാൻറിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കാൻ ഉത്തരവാദിയായ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.02.2019 – 25.02.2019 | 01.04.2018, 31.12.2018 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.07.2014 – 25.07.2014 | 2009-10, 2013-14 | 10.09.2014 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

2018-19 വാർഷിക കണക്കുകളിലെ ന്യൂനതകൾ താഴെ കൊടുക്കുന്നു.

1. അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല.
2. വസ്തുനികുതി - സഞ്ചയ സോഫ്റ്റ്‌വെയർ കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | കുടിശ്ശിക ഡിമാന്റ് | തൻവർഷ ഡിമാന്റ് | കുടിശ്ശിക കളക്ഷൻ | തൻവർഷ കളക്ഷൻ | കുടിശ്ശിക ബാലൻസ് | തൻവർഷ ബാലൻസ് |
|---|---|---|---|---|---|---|
| സഞ്ചയ | 5,19,516 | 35,03,068 | 5,19,516 | 33,79,346 | 0 | 0 |
| വാർഷിക കണക്ക് | 4,18,497 | 33,38,062 | 4,73,405 | 32,38,354 | 0 | 0 |

3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ വാഹനം ഒഴികെയുള്ള ആസ്തികൾക്ക് തൻവർഷത്തേയ്ക്കുള്ള ഡിപ്രിയിസേഷൻ രേഖപ്പെടുത്തിയിട്ടില്ല.
4. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ല.
5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
6. സാഫല്യം ഭവന നിർമ്മാണം- ലോൺ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

7. 11.09.2018 ലെ കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി പി4-511/18 നമ്പർ അക്കൗണ്ട് സർട്ടിഫിക്കറ്റിലെ ക്രമ.നം.1,5,7, 9, 10, 11, 12,16 എന്നിവ പ്രകാരമുള്ള അപാകതകൾ ഇതുവരെ പരിഹരിച്ചിട്ടില്ല. വാർഷിക കണക്കുകളിൽ (17-18, 18-19) സൂചിപിച്ച അപാകതകൾ പരിഹചിച്ച് അറിയിക്കേണ്ടതാണ്.

## 1-12 ഇ-ടെണ്ടർ - ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ട്ല്ല

അസി.എഞ്ചിനീയർ ഇ-ടെണ്ടർ നടത്തിയ താഴെപ്പറയുന്ന മരാമത്ത് പദ്ധതികളുടെ ദാർഘാസ് ഫീസ് ഇനത്തിൽ ലഭിച്ച തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ അടവാക്കിയിട്ടുണ്ടോ എന്ന് രേഖകളുടെ അഭാവത്തിൽ മനസ്സിലാക്കാൻ കഴിയുന്നില്ല. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകൾ പ്രകാരം ടെണ്ടർ ഫീസിനത്തിൽ താഴെപ്പറയും പ്രകാരമുള്ള തുകകൾ ലഭിക്കാനുണ്ട്.

| ക്രമ നം. | പ്രൊജക്ട് നം. | വർക്കിന്റെ പേര് | അടങ്കൽ തുക | ടെണ്ടർ ഫോറം വില | സമർപ്പിക്കപ്പെട്ട ബിഡ്ഡുകളുടെ എണ്ണം | ആകെ ടെണ്ടർ ഫോറം വില | ജി.എസ്.ടി. |
|---|---|---|---|---|---|---|---|
| 1 | 227 | സ്കൂളുകളുടെ വാർഷിക അറ്റകുറ്റപ്പണി | 8,00,000 | 1520 | 1 | 1520 | 280 |
| 2 | 220 | തോട്ടാമൂല കമ്പക്കോടി റോഡ് റീ-ടാറിംഗ് | 17,50,000 | 2500 | 2 | 5000 | 900 |
| 3 | 390 | കുടുംബശ്രീ ട്രെയിനിംഗ് ഹാൾ നായക്കട്ടി | 19,95,500 | 2500 | 2 | 5000 | 900 |
| 4 | 379 | നായ്ക്കട്ടി മാതമംഗലം റോഡ് ടാറിംഗ് | 10,00,000 | 1963 | 2 | 3926 | 714 |
| 5 | 69 | കാപ്പാട് റോഡ് ടാറിംഗ്,മെയിന്റനൻസ് | 987000 | 1910 | 2 | 3820 | 700 |
| 6 | 373 | ചെട്ട്യാലത്തൂർ റോഡ് ടാറിംഗ് | 6,95,000 | 1347 | 1 | 1347 | 243 |
| ആകെ | | | | | | 20613 | 3737 |

തുക പഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ഓഡിറ്റിന് നല്കണമെന്നവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് എൻക്വയറി.നം. 2/18-19 തീയ്യതി 20.08.2019) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ ഫീസിനത്തിൽ ലഭിക്കാനുള്ള തുക പഞ്ചായത്ത് ഫണ്ടിലും ജി.എസ്.ടി. സർക്കാരിലേയ്ക്കും അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 സാംഖ്യ രശീതി സൂക്ഷിപ്പിലെ അപാകതകൾ

സാംഖ്യ രശീതികളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) സാംഖ്യ രശീതി കൗണ്ടർഫോയിലുകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

കൗണ്ടർഫോയിൽ നം. 3377216, 3377217, 3377218, 3377219, 3377220, 3377221, 3377222, 3377223, 3377224, 3377569 മുതൽ 3377581 വരെയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ബി) സാംഖ്യ രശീതി ക്യാൻസൽ ചെയ്യുന്നതിലെ അപാകതകൾ.

സാംഖ്യ രശീതികൾ ക്യാൻസൽ ചെയ്യുമ്പോൾ ക്യാൻസൽ ചെയ്യാനുള്ള കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ അങ്ങനെ ചെയ്യാതെയാണ് ക്യാൻസൽ ചെയ്യുന്നത്. ഉദാ.

3378134, 3378155, 3377575, 3377574, 3380449, 3380448, 3378156. എന്നീ രശീതികൾ കാണുക.

ഇക്കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.6, തിയ്യതി. 22/08/2019)ന് മറുപടിയായി കൗണ്ടർഫോയിലുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നും പ്രസ്തുത സാംഖ്യ രശീതി മുഖേന പിരിച്ച തുക പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെന്നും അറിയിച്ചിച്ചിട്ടുണ്ട്. ഹാജരാക്കാത്ത സാംഖ്യരശീതികളുടെ കൗണ്ടർഫോയിലുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# 1-14 ബിൽഡിംഗ് പെർമ്മിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ.

2018 ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള കാലയളവിൽ ബിൽഡിംഗ് പെർമ്മിറ്റ് രജിസ്റ്ററിലെ എല്ലാ കോളവും എഴുതി പൂർത്തീകരിച്ചിട്ടില്ല. കെട്ടിടത്തിന്റെ തരം, നിലകൾ, എഫ് എ ആർ ആപ്ലിക്കേഷൻ ഫീസ് തുടങ്ങി പ്രധാനപ്പെട്ട കോളങ്ങളൊന്നും പൂരിപ്പിച്ചിട്ടില്ല.

2018 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ഒരു തവണപോലും പെർമ്മിറ്റ് രജിസ്റ്റർ സൂപ്പർവിഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.7/22/08/2019) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പെർമ്മിറ്റ് രജിസ്റ്റർ എഴുതി പൂർത്തീകരിച്ച് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# 1-15 തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കെ.എസ്.ഇ.ബി - യുടെ ഡിമാന്റ് നോട്ടീസ് പ്രകാരം പ്രതിമാസം 14776 വാട്ടിന് 23863/- രൂപ തോതിൽ 2018-19 ൽ തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജിനത്തിൽ ആകെ ₹2,69,845/- ചെലവഴിച്ചിട്ടുണ്ട്. കെ. എസ്.ഇ.ബി യിൽ നിന്നും ഹാജരാക്കിയ രേഖകളനുസരിച്ച് നിലവിൽ പഞ്ചായത്ത് പരിധിയിൽ 47 ഓർഡിനറി ബൾബുകൾ(60 watt), ഒരു ട്യൂബ് ലൈറ്റ് (2x40 watt), 19സോഡിയം വേപ്പർ ബൾബുകൾ(250 watt), 247 സി. എഫ്.എൽ ബൾബുകൾ (22 watt,18 watt,36 watt ) എന്നിവയ്ക്കാണ് വൈദ്യുതചാർജ്ജ് ഈടാക്കുന്നത്. 2017-18 വർഷത്തിൽ 567 എൽ.ഇ.ഡി ബൾബുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ പഞ്ചായത്തിൽ ഏതെല്ലാം ഇനം തെരുവ് വിളക്കുളാണെന്നും അവ ഓരോന്നും എത്ര വീതം ഉണ്ടെന്നും അവ പഞ്ചായത്തിൽ ഏതെല്ലാം വാർഡുകളിൽ ആണെന്നുമുള്ള വിവരങ്ങളടങ്ങിയ തെരുവ് വിളക്ക് രജിസ്റ്റർ, മീറ്റർ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, സംയുക്ത പരിശോധന നടത്തിയതിന്റെ വിവരങ്ങൾ എന്നിവ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 17/18-19/22.08.2019) ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന 28.09.2018 ൽ നടത്തിയിട്ടുണ്ടെങ്കിലും മീറ്റർ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കെ.എസ്.ഇ.ബി യിൽ നിന്നും ലഭ്യമായത് 5/19 ലാണെന്നും പ്രസ്തുത വിഷയം ഭരണസമിതി ചർച്ച ചെയ്യുകയും മീറ്റർ സ്ഥാപിക്കുന്നതിന് 2019-20 ൽ തുക വകയിരുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

നിലവിൽ പഞ്ചായത്തിൽ തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.സംയുക്ത പരിശോധന നടത്തിയ റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ തന്നെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന തെരുവ് വിളക്കുകൾക്കെല്ലാംതന്നെ വൈദ്യുതചാർജ്ജ് അടവാക്കുന്നുണ്ടോയെന്ന് വ്യക്തമല്ല. സംയുക്ത പരിശോധനാ റിപ്പോർട്ടും തെരുവ് വിളക്ക് രജിസ്റ്ററും തയ്യാറാക്കി കാലികമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 1-16 തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി - കൂടുതൽ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ അംഗീകരിച്ചു.

നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തിൽ 588 എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | സ്ട്രീറ്റ് ലൈറ്റ് പരിപാലനം/സ്ഥാപിക്കൽ |
| പ്രോജക്റ്റ് നമ്പർ | S285/19 |
| അടങ്കൽ | ₹ 24,17,044/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നമ്പർ & തുക | 9/18-19/24.05.18 – ₹19,99,200/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പദ്ധതിയിലെ ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ഇൻവോയിസ് നമ്പർ/തുക |
|---|---|
| കിംഗ്സ് ഇലക്ട്രിക്കൽസ്, സുൽത്താൻ ബത്തേരി. | 2113/26.03.2018 ₹ 19,99,200/- |

ഇ ടെണ്ടർ വഴി സുൽത്താൻ ബത്തേരിയിലെ കിംഗ്സ് ഇലക്ട്രിക്കൽസിനെയാണ് പദ്ധതി നടത്തിപ്പിന് തിരഞ്ഞെടുത്തിരിക്കുന്നത്. ടെണ്ടർ സംബന്ധിച്ച വിശദവിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

| ടെണ്ടർ നോട്ടീസ് നമ്പർ | ടെണ്ടർ നോട്ടീസ് സ്പെസിഫിക്കേഷൻ | സ്ഥാപനം, രേഖപ്പെടുത്തിയ നിരക്ക് / 1 LED ബൾബ് (നികുതികൾ ഉൾപ്പെടെ) | | | | | |
|---|---|---|---|---|---|---|---|
| | | ഉഷ ഇലക്ട്രോണിക്സ്, പാലക്കാട് (₹) | സ്പാർക്ക് സൊല്യൂഷൻസ്, തിരുവനന്തപുരം (₹) | ഏഷ്യൻ മാർക്കറ്റിംഗ്, മലപ്പുറം (₹) | അമ്മിണി എനർജി സിസ്റ്റംസ്, പാലക്കാട് (₹) | എഡി സൺ ഇലക്ട്രിക്കൽസ്, എറണാകുളം (₹) | രാജീവ് എം.ടി, കിംഗ്സ് ഇലക്ട്രിക്കൽസ്, സുൽത്താൻ ബത്തേരി. (₹) |
| എ3-5473/ 2017/ 12.02.18 | 1. 36 W LED തെരുവു വിളക്ക് (ഫിലിപ്സ്/ ഹാവൽസ്/ അതുപോലത്തെ മറ്റു ബ്രാന്റുകൾ) സ്ഥാപിച്ച് ടെസ്റ്റിംഗ്, കമ്മീഷനിംഗ് നടത്തുക. | 1984 | 2100 | 2274 | 2595 | 3008 | 3400 |
| | 2. ഒരു വർഷത്തെ ഗ്യാരന്റിയും ഒരു വർഷത്തെ വാറണ്ടിയും നൽകേണ്ടതാണ്. | | | | | | |

ഇ ടെണ്ടർ Item Rate BoQ പ്രകാരം മേൽ പട്ടികയിൽ പറഞ്ഞ എല്ലാവരും ക്വാട്ട് ചെയ്തിരിക്കുന്നത് ടെണ്ടർ നോട്ടീസിൽ പറഞ്ഞ സ്പെസിഫിക്കേഷനും നിബന്ധനകളും അനുസരിച്ചാണ്. മേൽപ്പറഞ്ഞതിൽ ഇ ടെണ്ടറിൽ ഏറ്റവും കുറച്ച് ക്വാട്ട് ചെയ്തിരിക്കുന്നത് ₹ 1984/-രൂപക്ക് ഉഷ ഇലക്ട്രോണിക്സ്, പാലക്കാട് ആണ്. എന്നാൽ ഏറ്റവും കൂടുതൽ നിരക്ക് രേഖപ്പെടുത്തിയ (₹ 3400/-) കിംഗ്സ് ഇലക്ട്രിക്കൽസ്, സുൽത്താൻ ബത്തേരിക്കാണ് ടെണ്ടർ ഉറപ്പിച്ചിരിക്കുന്നത്. 25.02.2018-ാം തീയതിയിലെ പ്രോക്യൂർമെന്റ് കമ്മിറ്റി തീരുമാനപ്രകാരമാണ് സ്ഥാപനത്തെ തെരഞ്ഞെടുത്തത്. ഇതിനു കാരണമായി വിതരണം ചെയ്യുന്ന സാധനത്തിന്റെ സ്പെസിഫിക്കേഷൻ, 3 വർഷത്തെ റിപ്പയർ വാറണ്ടി, കിംഗ്സ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം വയനാട്ടിൽ തന്നെ ആയതിനാൽ സർവ്വീസ് കിട്ടാൻ കൂടുതൽ സാധ്യത എന്നിവയാണ് പറഞ്ഞിരിക്കുന്നത്. ടെക്നിക്കൽ പരിശോധനയുടെ അടിസ്ഥാനത്തിൽ കിംഗ്സ് ഇലക്ട്രിക്കൽസ്, സുൽത്താൻ ബത്തേരിയുടെ 3400/- രൂപയുടെ 36 വാട്ട്സിന്റെ ഹാവൽസിന്റെ പ്രോംടെക് എൽ.ഇ.ഡി ലൈറ്റ് വാങ്ങുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. 26.02.2018 ലെ പഞ്ചായത്ത് ഭരണ സമിതിയുടെ 1/1-ാം നമ്പർ തീരുമാനത്തിൽ, പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ടെണ്ടറിൽ

കാണിച്ചിരിക്കുന്ന എല്ലാ സാധനങ്ങളും ഒരു ഇലക്ട്രിക്കൽ വിദഗ്ദനെ കൊണ്ട് പരിശോധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതായത്, സാങ്കേതിക പരിശോധന നടക്കുന്നതിനു മുൻപ് തന്നെ പ്രോക്യൂർമെന്റ് കമ്മിറ്റി ഏറ്റവും അനുയോജ്യമായത് കിംഗ്സ് ഇലക്ട്രിക്കൽസ്, സുൽത്താൻ ബത്തേരിയുടെ ഹാവൽസിന്റെ പ്രോംടെക് എന്ന ലൈറ്റാണെന്ന് ടെക്നിക്കൽ പരിശോധനയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുണ്ട് എന്നത് വസ്തുതാ വിരുദ്ധമാണ്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25/02/2018-ലെ A5/2232/18 -ാം നമ്പർ കത്ത് പ്രകാരം (കത്ത് ലഭ്യമാക്കിയിട്ടില്ല. ഫയൽ നമ്പറിട്ട് സൂക്ഷിക്കാത്തതിനാൽ രേഖകളുടെ നിജസ്ഥിതി വ്യക്തമല്ല) മീനങ്ങാടി ഗവ. പോളി ടെക്നിക്ക് കോളേജിലെ ഇലക്ട്രിക്കൽ ലക്ചറർ ആയ ശ്രീ. വികാസ്. പി. എൻ - ന്റെ സർട്ടിഫിക്കറ്റിൽ (ഫയൽ നമ്പറോ തീയതിയോ ഇല്ല) താഴെ പറയുന്ന ഇനങ്ങൾ ഭൗതികമായി പരിശോധിച്ചു എന്ന് പറഞ്ഞിട്ടുണ്ട്. ശ്രീ. വികാസ്. പി. എൻ എൽ.ഇ.ഡി ബൾബുകൾ പരിശോധിക്കുന്നതിനു ക്വാളിഫൈഡ് ആണോ എന്ന് വ്യക്തമല്ല.

1. Luxion 36 W

2. Spark 36 W

3. Ammini 36 W

4. Biocon 36W

5. Litezy 36W

6. Edison 30W

7. Promptec 36W

Edison 30W ഒഴിച്ചുള്ള എല്ലാ ഇനങ്ങളും ടെണ്ടർ സ്പെസിഫിക്കേഷൻ ഉള്ളതാണ് എന്ന് സർട്ടിഫൈ ചെയ്തിട്ടുണ്ട്. Promptec 3 വർഷ വാറന്റി നൽകുന്നതുകൊണ്ട് അത് കുറച്ചു കൂടെ നല്ലതാണ് എന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ, മറ്റു സ്ഥാപനങ്ങളുടെ വാറന്റി എത്രയാണെന്ന് പറയുന്നില്ല. Promptec -ന്റെ മാത്രം വാറന്റി എങ്ങിനെ സാങ്കേതിക വിദഗ്ദൻ പരിശോധിച്ചു എന്ന് വ്യക്തമല്ല. മേൽ ഏഴ് വിളക്കുകളുടെയും സാങ്കേതിക പരിശോധന നടത്തിയതായി പറയുകയോ അതിന്റെ ടെസ്റ്റ് റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. അതു മാത്രമല്ല, ഓഫീസ് കുറിപ്പിൽ, ശ്രീ. വികാസ്. പി. എൻ Biocon 36W ആണ് തെരുവു വിളക്കിന് മികച്ചതെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ പറഞ്ഞ Promptec എന്ന ബൾബ് കിംഗ്സ് ഇലക്ട്രിക്കൽസ്, സുൽത്താൻ ബത്തേരിയുടെ ടെണ്ടർ രേഖകളിൽ ഒന്നിലും രേഖപ്പെടുത്തിയിട്ടുമില്ല. എന്നാൽ, 01.03.2018 ലെ 2/4 -ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം കിംഗ്സ് ഇലക്ട്രിക്കൽസ്, സുൽത്താൻബത്തേരിയുടെ ക്വട്ടേഷൻ അംഗീകരിക്കുകയാണ് ചെയ്തിരിക്കുന്നത്. മേൽ തീരുമാനം കാരണം പഞ്ചായത്ത് ഫണ്ടിന് സംഭവിച്ച നഷ്ടം താഴെ പറയുന്നു.

| സപ്ലൈ ചെയ്ത എൽ.ഇ.ഡി ബൾവുകളുടെ എണ്ണം | കിംഗ്സ് ഇലക്ട്രിക്കൽസ്, സുൽത്താൻബത്തേരിക്ക് നൽകിയ തുക | ഏറ്റവും കുറച്ച് ക്വാട്ട് ചെയ്തിരിക്കുന്ന ഉഷ ഇലക്ട്രോണിക്സ്, പാലക്കാടിന് ടെണ്ടർ ഉറപ്പിച്ചിരുന്നെങ്കിൽ നൽകേണ്ടിയിരുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|
| 588 | 588 x 3400 = 1999200/- | 588 x 1984 = 1166592/- | 8,32,608/- |

കുറവ് ക്വാട്ട് ചെയ്ത ടെണ്ടറുകൾ നിരസിച്ചതിന്റെ കാരണം നിർവ്വഹണോദ്യോഗസ്ഥൻ ടെണ്ടറിലോ, ടെണ്ടർ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. കേരള സ്റ്റോർ പർച്ചേസ് മാന്വൽ 2013 ഖണ്ഡിക 9.15 പ്രകാരം ടെണ്ടർ നിരസിക്കുകയാണെങ്കിൽ വിശദവിവരം കാരണ സഹിതം രേഖപ്പെടുത്തേണ്ടതാണ്. കിംഗ്സ് ഇലക്ട്രിക്കൽസ്, സുൽത്താൻബത്തേരിയുടെയും ഉഷ ഇലക്ട്രോണിക്സ്, പാലക്കാടിന്റെയും മറ്റുള്ളവരുടെയും ഇ

ടെണ്ടർ Item Rate BoQ-വിൽ 36 W LED തെരുവ് വിളക്ക് (ഫിലിപ്സ്/ഹാവൽസ്/അതു പോലത്തെ മറ്റു ബ്രാൻഡുകൾ) സപ്ലൈ ചെയ്യാമെന്നാണ് പറഞ്ഞിരിക്കുന്നത്. ഉഷ ഇലക്ട്രോണിക്സ്, പാലക്കാടിന്റെ ടെണ്ടറിന്റെ കൂടെ സമർപ്പിച്ച കത്തിൽ (UES/E-TENDER/NOOLPUZHAGP/01/17-18 തീ 19.02.2018) 3 വർഷ ഓൺസൈറ്റ് വാറന്റി നൽകാമെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ, കിംഗ്സ് ഇലക്ട്രിക്കൽസ്, സുൽത്താൻബത്തേരിയുടെയും ഒരു ടെണ്ടർ രേഖകളിലും മൂന്ന വർഷ വാറന്റിയുടെ കാര്യം പറയുന്നില്ല. കിംഗ്സ് ഇലക്ട്രിക്കൽസിനു സപ്ലൈ ഓർഡർ നൽകിയതിനു ശേഷം വെച്ച 12/03/2018 ലെ കരാറിലാണ് മൂന്ന് വർഷ വാറന്റിയുടെ കാര്യം രേഖപ്പെടുത്തിയിട്ടുള്ളത്.

ഇപ്രകാരം വാങ്ങിയ വിളക്കുകൾ എവിടെയെല്ലാം സ്ഥാപിച്ചുവെന്ന വ്യക്തമായ രേഖകൾ ഫയലിൽ ഇല്ല. പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള സ്റ്റോക്ക് രജിസ്റ്റർ പേജ് 17 ൽ 588 വിളക്കുകൾ ലഭിച്ചതായും 441എണ്ണം വിവിധ വാർഡുകളിൽ നല്കിയതായും 147 എണ്ണം നാഷണൽ ഹൈവേയിൽ സ്ഥാപിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. (തിരുത്തലുകൾ വരുത്തിയിട്ടുണ്ട്). എന്നാൽ, 17 വാർഡ് മെമ്പർമാർ 25 വീതം വിളക്കുകൾ അവരുടെ വാർഡുകളിൽ സ്ഥാപിച്ച എന്ന് സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.(ആകെ 25 x 17 = 425 വിളക്കുകൾ). വൈസ് പ്രസിഡന്റ് നൽകിയ സാക്ഷ്യപത്ര പ്രകാരം 142 വിളക്കുകൾ ആണ് നാഷണൽ ഹൈവേയിൽ സ്ഥാപിച്ചതായി പറയുന്നത്. അതായത് ആകെ 567 വിളക്കുകൾ സ്ഥാപിച്ച എന്നാണ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. 21 വിളക്കുകൾ എവിടെയൊക്കെ സ്ഥാപിച്ചുവെന്ന കൃത്യമായ വിവരം ഫയലിൽ ഇല്ല. ഈ വിളക്കുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. അധികൃതരുടെ അനുമതി തേടിയതായി കാണുന്നില്ല. പഞ്ചായത്തിലുള്ള തെരുവ് വിളക്കുകളുടെ വിന്യാസം എപ്രകാരമാണെന്ന വിവരം കൃത്യമായി സൂക്ഷിച്ചിട്ടില്ല. സ്ഥാപിക്കുന്ന വിളക്കുകളുടെ സ്ഥാനം തിരിച്ചറിയാവുന്ന വിധം (ഉദാ-പോസ്റ്റ് നമ്പർ, മുതലായവ) വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അതിനാൽ വിളക്കുകൾ സ്ഥാപിക്കപ്പെട്ടത് തിട്ടപ്പെടുത്താനാകുന്നില്ല. സ്ഥാപിച്ച ലൈറ്റുകൾ സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാണോയെന്നു വ്യക്തമല്ല. കെ.എസ്.ഇ,ബി യുടെ സാക്ഷ്യപത്രമോ സംയുക്ത പരിശോധന റിപ്പോർട്ടോ ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് (17/22.08.19) നൽകിയ മറുപടിയിൽ 07.07.2019 മുതൽ കെ.എസ്.ഇ.ബിക്ക് നൽകേണ്ട താരിഫ് നൽകിയിട്ടുണ്ട്. അതു പ്രകാരം, 07.07.2019 -ന് നൂൽപ്പുഴ ഗ്രാമപഞ്ചായത്തിൽ 19 സോഡിയം വേപ്പർ വിളക്കുകൾ, 247 സി.എഫ്.എൽ വിളക്കുകൾ എന്നിവ മാത്രമാണ് ഉള്ളത്. എൽ.ഇ.ഡി വിളക്കുകൾ എത്രയുണ്ടെന്ന് ഇതുവരെ തിട്ടപ്പെടുത്തുകയോ ബിൽ അടക്കുകയോ ചെയ്യുന്നില്ല. സ്ട്രീറ്റ് ലൈറ്റ് പരാതി രജിസ്റ്റർ പ്രകാരം ഇതുവരെ 40 പരാതികൾ ലഭിച്ചിട്ടുണ്ട്. പരിഹാര നടപടികൾ എന്തു ചെയ്തെന്ന് വ്യക്തമല്ല.

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21 /24.08.2019) നൽകിയ മറുപടിയിൽ സാമ്പിൾ പരിശോധനയിൽ കിംഗ്സ് ഇലക്ട്രിക്കൽസ് ഹാവൽസ് നൽകിയത് കാരണമാണ് അംഗീകരിച്ചത് എന്ന് പറയുന്നുണ്ട്. ഉഷ ഇലക്ട്രിക്കൽസിന്റെ 25.02.2018-ലെ കത്തിൽ ഞങ്ങളുടെ ഉൽപ്പന്നം മാത്രമേ വിതരണം ചെയ്യൂ എന്ന് പറയുന്നുണ്ട്. ഏത് ബ്രാൻഡാണെന്ന് വ്യക്തമല്ല. 25.02.2018 – ലെ കിംഗ്സ് ഇലക്ട്രിക്കൽസിന്റെ കത്തിൽ 36 മാസത്തെ വാറന്റിയോടെ ഹാവൽസിന്റെ പ്രോഡക്ട് എന്ന വിളക്ക് നൽകാമെന്ന് പറയുന്നുണ്ട്. മേൽ പറഞ്ഞ രണ്ട് കത്തുകളും ഫയലിൽ ഉണ്ടായിരുന്നില്ല. ഇപ്പോൾ മറുപടിയിലാണ് പ്രസ്തുത കത്തുകൾ സമർപ്പിച്ചിരിക്കുന്നത്. മേൽ അപാകതകൾ കാരണം, തെരുവു വിളക്ക് വാങ്ങിയതിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്നത് സാങ്കേതികമായി പരിശോധിച്ച് തുടരന്വേഷണ റിപ്പോർട്ട് നൽകേണ്ടതാണ്. അതിനാൽ, 19,99,200/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-17 സോളാർ പാനൽ സ്ഥാപിക്കൽ പദ്ധതി-ബാക്കി തുക പഞ്ചായത്തിലേക്ക് അടവാക്കിയിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | സോളാർ പാനൽ സ്ഥാപിക്കൽ |
| പ്രോജക്ട് നമ്പർ | S0197/19 |
| [illegible] | [illegible] |

| | |
|---|---|
| അടങ്കൽ | ₹4,00,000/- (വികസനഫണ്ട്-ജനറൽ) |
| ബിൽ നമ്പർ & തുക | 53/18-19/22.12.18 - ₹4,00,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്റ്റ് പ്രകാരം അനർട്ട് വയനാട് ജില്ല ഓഫീസ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് 2 KW ഓഫ് ഗ്രിഡ് സോളാർ പാനൽ സ്ഥാപിക്കുന്നതിനായി 4,00,000/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. അനർട്ട് ടെണ്ടറിലൂടെ സോൾജിൻ എനർജി എന്ന കമ്പനിക്ക് പ്രവർത്തി നൽകുകയും സോൾജിൻ എനർജി കമ്പനി 2 KW ഓഫ് ഗ്രിഡ് സോളാർ പാനൽ എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ ഓഫീസിൽ സ്ഥാപിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ചെലവ് വിവരം താഴെ കൊടുക്കുന്നു.

| സോൾജിൻ എനർജി കമ്പനിയുടെ ഇൻവോയിസ് പ്രകാരം നൽകേണ്ട തുക | അനർട്ടിനുള്ള 10 % സർവ്വീസ് ചാർജ്ജസ് | ആകെ അനർട്ടിന് നൽകേണ്ടത് | അനർട്ടിൽ നിന്ന്തിരികെ ലഭിക്കാനുള്ളത് |
|---|---|---|---|
| ₹2,65,716/- | ₹26,571/- | ₹2,92,287/- | ₹1,07,713/- (400000-292287) |

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 27/25.08.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. അനർട്ടിൽ നിന്നും തിരികെ ലഭിക്കാനുള്ള തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കി അറിയിക്കേണ്ടതാണ്. പൂർത്തീകരണ/മൂല്യനിർണ്ണയ വിവരം ലഭ്യമാക്കുന്നത് വരെ 4,00,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-18 അംഗൺവാടി നിർമ്മാണം - പ്രവൃത്തി പൂർത്തീകരണ/ മൂല്യനിർണ്ണയ വിവരം ലഭ്യമാക്കിയിട്ടില്ല.

മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതി വഴി അംഗൺവാടി നിർമ്മാണത്തിനായി എം.ജി.എൻ.ആർ.ഇ.ജി.എ യ്ക്ക് സെക്രട്ടറി പ്ലാൻ ഫണ്ട് വിഹിതം കൈമാറുകയും എം.ജി.എൻ.ആർ.ഇ.ജി.എ കേന്ദ്രാവിഷ്കൃത ഫണ്ടും പ്ലാൻ ഫണ്ടും വിനിയോഗിച്ച് കെട്ടിടം നിർമ്മിച്ചു നൽകുകയും ചെയ്യുക എന്ന ലക്ഷ്യത്തിൽ 2018-19-ൽ സെക്രട്ടറി താഴെ പറയുന്ന പ്രവൃത്തികൾക്കായി വികസന ഫണ്ടിൽ നിന്നും തുക മിഷൻ ഡയറക്ടർ, എം.എൻ.ആർ.ഇ.ജി.എ- യുടെ ബാങ്ക് അക്കൗണ്ടിലേക്ക് (A/c No. 799011400000486) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല.

| ക്രമ നം. | പ്രോജക്റ്റ്നമ്പർ/ പേര് | എം.എൻ.ആർ. ഇ.ജി.എ എസ്റ്റിമേറ്റ് | ബിൽ നമ്പർ / തീയതി | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | S0365/19 കല്ലൂർ അംഗൺവാടി നിർമ്മാണം | 1200000/- | 65/22.03.2019 | 5,00,000 | കൈപ്പറ്റ് രശീതി ഇല്ല. |
| 2 | S0362/19 പൊൻകുഴി മിനി അംഗൺവാടി നിർമ്മാണം | 1200000/- | 62/22.03.2019 | 5,00,000/- | --ടി-- |
| 3 | S0364/19 പുളിമരം അംഗൺവാടി നിർമ്മാണം | 1500000/- | 64/22.03.19 | 8,00,000/- | --ടി-- |
| 4 | S0363/19 പണപ്പാടി അംഗൺവാടി നിർമ്മാണം | 1200000/- | 63/22.03.19 | 5,00,000/- | --ടി-- |
| ആകെ | | | | 23,00,000/- | |

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/22.08.2019) മറുപടി നൽകിയിട്ടില്ല. അതിനാൽ പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കുന്നത് വരെ 23,00,000/ - രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-19 സർവ്വശിക്ഷാ അഭിയാൻ പദ്ധതി - വിശദമായ മൂല്യ നിർണ്ണയം ഇല്ല.

സർവ്വശിക്ഷാ അഭിയാൻ പദ്ധതിയിൽ പഞ്ചായത്ത് വിഹിതമായി സെക്രട്ടറി താഴെപ്പറയും പ്രകാരം തുകകൾ നല്കിയിട്ടുണ്ട്.

| പദ്ധതിയുടെ പേര് | എസ്.എസ്.എ വിഹിതം നൽകൽ | എസ്.എസ്.എ വിഹിതം ബാക്കി തുക നൽകൽ (സ്പിൽ ഓവർ) |
|---|---|---|
| പ്രോജക്റ്റ് നമ്പർ | S0003/19 | S0331/19 |
| അടങ്കൽ | ₹ 400000/-<br>(വികസന ഫണ്ട്-ജനറൽ) | ₹ 750000/-<br>(വികസന ഫണ്ട്-ടി.എസ്.പി) |
| ബിൽ നമ്പർ & തുക | 18/18-19/23.05.18 – 400000/- | 9/18-19/19.05.18 - 750000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |

2018-19 വർഷം നൽകിയ 11,50,000/- രൂപയുടെ വിനിയോഗം സംബന്ധിച്ച് ഇനം തിരിച്ച മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. പദ്ധതിയിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ, അവ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ, മോണിറ്ററിംഗ് നടത്തിയതിന്റെ വിവരങ്ങൾ എന്നിവ ഫയലിൽ ലഭ്യമല്ല. വർക്കിംഗ് ഗ്രൂപ്പ്, പി.ഇ.സി. എന്നിവ ഇപ്രകാരം നല്കിയ ഫണ്ട് പഞ്ചായത്തിലെ സ്കൂളുകളിലെ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചത് പരിശോധനാ വിധേയമാക്കിയതായി ഫയലിൽ ഇല്ല. പുസ്തക വിതരണം, യൂണിഫോം വിതരണം, ടീച്ചർ നിയമനം (വിശദവിവരം താഴെ പട്ടികയായി നല്കുന്നു), സ്കൂൾ ഗ്രാന്റ്, യാത്രാസൗകര്യം, തുടങ്ങി വിവിധങ്ങളായ ഭൗതിക ഇനങ്ങൾ പത്രികയിൽ പരാമർശിക്കുന്നുണ്ടെങ്കിലും അവ പഞ്ചായത്തിലെ ഏതെല്ലാം സ്കൂളുകളിൽ നടപ്പാക്കി എന്നത് നിർവ്വഹണ ഉദ്യോഗസ്ഥനും പി.ഇ.സി.യും, വർക്കിംഗ്ഗ്രൂപ്പും വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ചതായി ഫയലിൽ ഇല്ല. താഴെപ്പറയുന്ന ഇനങ്ങളിലായി അധ്യാപകരെ നിയമിക്കുന്നതിനായി വിഹിതം നല്കിയിട്ടുണ്ട്.

| ക്രമ നം. | ഇനം | എണ്ണം | ഫിനാൻഷ്യൽ അച്ചീവ്മെന്റ് (₹) | പഞ്ചായത്ത് വിഹിതം (₹) |
|---|---|---|---|---|
| 1 | ഹെഡ് ടീച്ചർ യു.പി. | 3 | 0 | 347922 |
| 2 | പാർട് ടൈം ഇൻസ്ട്രക്ടർ യു.പി. | 3 | 2,39,929 | 97,418 |
| | ആകെ | | 2,39,929 | 4,45,340 |

ഈ പദ്ധതിയിൽ 2018-19 വർഷത്തിൽ പഞ്ചായത്തിലെ ഏതെല്ലാം സ്കൂളുകളിൽ ഹെഡ് ടീച്ചർ/പാർട് ടൈം ഇൻസ്ട്രക്ടർമാരെ നിയമിച്ചു, എത്ര കാലയളവിലേക്ക് നിയമിച്ചു എന്ന വിവരങ്ങൾ എന്നീ വിവരങ്ങൾ പഞ്ചായത്ത് പരിശോധിച്ചതായി കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പ്, പി.ഇ.സി. എന്നിവ ഇപ്രകാരം നല്കിയ ഫണ്ട് പഞ്ചായത്തിലെ സ്കൂളുകളിലെ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചത് പരിശോധനാ വിധേയമാക്കിയതായി കാണുന്നില്ല. പത്രികയിലെ ക്രമനമ്പർ-30,31 എന്നിവ പ്രകാരം യു.പി.സ്കൂളിലെ ഹെഡ് ടീച്ചറെ നിയമിക്കുന്നതിന് ₹347922 യും യു.പി.സ്കൂളിലെ പാർട്ട് ടൈം ഇൻസ്ട്രക്ടറെ നിയമിക്കുന്നതിന് ₹97418 യും വിഹിതം വകയിരുത്തിയിട്ടുണ്ട്. ഏതൊക്കെ സ്കൂളുകളിൽ എത്ര ടീച്ചർമാരെ/ഇൻസ്ട്രക്ടർമാരെ ആണ് നിയമനം നടത്തിയതെന്ന വിവരവും മറ്റ് തുകകൾ ചെലവഴിച്ചതിന്റെ മോണിട്ടറിംഗ് വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. ക്രമ നമ്പർ 30 പ്രകാരം ഫിനാൻഷ്യൽ അച്ചീവ്മെന്റ് പൂജ്യമായിട്ടും പഞ്ചായത്ത് 347922/- രൂപ വിഹിതം നൽകിയിട്ടുണ്ട്. പത്രിക പ്രകാരം ആകെ ഫിനാൻഷ്യൽ അച്ചീവ്മെന്റ് 12,80,510/- രൂപയാണ്. അതിന്റെ 40% മാത്രമാണ് ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകേണ്ടതുള്ളൂ. അതായത്, 5,12,204/- രൂപ മാത്രമാണ് പഞ്ചായത്ത് വിഹിതമായി നൽകേണ്ടതുണ്ടായിരുന്നത്. എന്നാൽ നൽകിയിരിക്കുന്നത് 11,50,000/- രൂപയാണ്. അതായത്, 6,37,796/- രൂപ അധികം എസ്.എസ്.എ. ക്ക് നൽകിയിട്ടുണ്ട്.

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22 /24.08.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണവും ഇനം തിരിച്ച മൂല്യനിർണ്ണയ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 1-20 ലൈഫ് ഭവന നിർമ്മാണ പദ്ധതി - നടത്തിപ്പിലെ അപാകതകൾ.

. ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ സാഫല്യം ഭവനനിർമ്മാണ പദ്ധതിയിലെയും ടി.എസ്.പി ഭവനനിർമ്മാണ പദ്ധതിയിലെയും പൂർത്തിയാകാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്. 2018-2019 വർഷങ്ങളിൽ നടപ്പിലാക്കിയ ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 74 ഭവനങ്ങളും പൊതുവിഭാഗത്തിലെ 79 ഭവനങ്ങളും ഉൾപ്പടെ ആകെ 153 ഭവനങ്ങളുടെ പൂർത്തീകരണമാണ് പദ്ധതി പ്രകാരം ഏറ്റെടുത്തിട്ടുള്ളത്. ഏറ്റെടുത്തതിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ 36 വീടുകളും ജനറൽ വിഭാഗത്തിൽ 43വീടുകളും പൂർത്തീകരിച്ചു. ആയതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താക്കളുടെ വിവരം | പട്ടിക ജാതി | പട്ടിക വർഗ്ഗം | ജനറൽ | ആകെ |
|---|---|---|---|---|
| തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ | 0 | 74 | 79 | 153 |
| ഭവന നിർമ്മാണം പൂർത്തിയാക്കിയവർ | 0 | 36 | 43 | 79 |
| തെരഞ്ഞെടുക്കപ്പെട്ടവരിൽ കരാറുടമ്പടിയിൽ ഏർപ്പെടുകയോ പണം കൈപ്പറ്റുകയോ ചെയ്യാത്തവർ | 0 | 4 | 12 | 16 |
| നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർ | 0 | 34 | 24 | 58 |

നിലവിലുള്ള ഭവനനിർമ്മാണ പദ്ധതിയിലെ പൂർത്തിയാകാത്ത ഭവനങ്ങൾ ലൈഫിലേക്ക് മാറ്റുമ്പോൾ റ്റി.പി.റ്റി.എ അംഗങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപന അസിസ്റ്റന്റ് എഞ്ചിനീയർ/പബ്ലിക് വർക്സ് ഓവർസിയർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി അക്രഡിറ്റഡ് എഞ്ചിനീയർ, വാർഡ്തല കർമ്മസമിതി അംഗങ്ങൾ എന്നിവർ സംയുക്തമായി പൂർത്തീകരിക്കാത്ത വീടുകൾ സന്ദർശിച്ച് ഗുണഭോക്താക്കളുടെ പങ്കാളിത്തം കൂടി ഉറപ്പുവരുത്തി ഓരോ വീടിനും മൈക്രോ പ്ലാൻ തയ്യാറാക്കേണ്ടതാണ്. ഓരോ വീടിന്റെയും മൈക്രോ പ്ലാൻ തയ്യാറാക്കിയശേഷം ആയത് ക്രോഡീകരിച്ച് വാർഡ്തല പ്ലാൻ തയ്യാറാക്കേണ്ടതാണ്. (സ.ഉ. (എം.എസ്) നം. 196/2017/തസ്വഭവ/11.10.2017) എന്നാൽ, നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്, മൈക്രോ പ്ലാൻ തയ്യാറാക്കുകയോ, പഞ്ചായത്ത്തല കർമ്മസമിതി പരിശോധിക്കുകയോ ചെയ്തിട്ടില്ല. റ്റി.പി.റ്റി.എ റിപ്പോർട്ടുകളോ, ഏത് സ്റ്റേജിൽ നിർമ്മാണം തുടങ്ങാമെന്ന അസി. എഞ്ചിനീയറുടെയോ വാർഡ്/പഞ്ചായത്ത്തല കർമ്മസമിതി റിപ്പോർട്ടുകളോ ഫയലുകളിൽ ഇല്ല. നിലവിലുള്ള ഭവനനിർമ്മാണ പദ്ധതിയിൽ നിന്നും ലൈഫ് ഭവനനിർമ്മാണ പദ്ധതിയിലേക്ക് ഉൾപ്പെടുത്തിയപ്പോഴുള്ള സ്റ്റേജ് ഏതാണെന്ന് വ്യക്തമാക്കുന്ന ഫോട്ടോകൾ മിക്ക ഫയലുകളിലും വച്ചിട്ടില്ല. സ്റ്റേജ് സർട്ടിഫിക്കറ്റിന്റെയും ഫോട്ടോകളുടെയും റിപ്പോർട്ടുകളുടെയും അഭാവത്താൽ വീടുകൾ ലൈഫ് ഭവനനിർമ്മാണ പദ്ധതിയിലേക്ക് ഉൾപ്പെടുത്തിയപ്പോഴുള്ള അവസ്ഥ വ്യക്തമായി പരിശോധിക്കുവാൻ ഓഡിറ്റിന് ബുദ്ധിമുട്ടനുഭവപ്പെടുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 11.10.17 ലെ സ.ഉ.(എം.എസ്)നം.196/17/ത.സ്വ.ഭ.വ പ്രകാരം പൂർത്തീകരിക്കാത്ത ഓരോ വീടിന്റെയും നിലവിലുള്ള അവസ്ഥ സംബന്ധിച്ച് തദ്ദേശ സ്ഥാപനത്തിലെ വാർഡ്തല കർമ്മസമിതി സർക്കാർ നിർദ്ദേശ പ്രകാരമുള്ള മൈക്രോ പ്ലാൻ തയ്യാറാക്കേണ്ടതും ആയത് വാർഡ്തലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ക്രോഡീകരിച്ച് സൂക്ഷിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ പൂർത്തീകരിക്കാത്ത വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കു ന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതിക്കായി മൈക്രോ പ്ലാൻ, ഭവനപരിശോധനാറിപ്പോർട്ട് എന്നിവ തയ്യാറാക്കിയതിന്റെ യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ എത്ര വീടുകൾ, ഏതൊക്കെ ഘട്ടത്തിൽ, ഏതൊക്കെ കാലഘട്ടത്തിൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാതെയുണ്ടെന്നും അവ പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം എന്താണെന്നുമുള്ള വിവരങ്ങൾ പഞ്ചായത്ത് തലത്തിൽ ശേഖരിച്ചിട്ടില്ല. ഇനി ഏത് ഘട്ടം മുതലാണ് പ്രവൃത്തി പൂർത്തികരിക്കേണ്ടതെന്നുമുള്ള വിവരങ്ങളും ശേഖരിച്ചിട്ടില്ല.

ഭവന പൂർത്തീകരണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിനൊപ്പം എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. കൂടാതെ ഭവനം സന്ദർശിച്ച് പരിശോധന നടത്തിയ ഉദ്യോഗസ്ഥരുടെ പരിശോധന റിപ്പോർട്ടും ഫയലിൽ ഇല്ല. ഭവന സന്ദർശന/പരിശോധന റിപ്പോർട്ട് ഇല്ലാതെയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുള്ളത്. ചില എസ്റ്റിമേറ്റിൽ ഓരോ ഇനം പ്രവൃത്തികളും ഏതെന്നും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. സാധനങ്ങളുടെ അളവും തുകയുമാണ് കാണിച്ചിട്ടുള്ളത്. അവ എന്താവശ്യത്തിനാണ് ഉപയോഗിക്കുന്നത് എന്ന് വ്യക്തമാക്കിയിട്ടില്ല. ഓരോ ഇനത്തിന്റെയും അളവുകൾ കണക്കാക്കിയതെങ്ങനെ എന്ന് വ്യക്തമല്ല.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ പദ്ധതി, എൽ.എസ്.ജി.ഡി താത്കാലിക ഓവർസീയർ/ എഞ്ചിനീയർ ഒറ്റ വരിയിൽ നൽകിയ മൂല്യനിർണ്ണയം അടിസ്ഥാനമാക്കിയാണ് തുക അനുവദിച്ചിട്ടുള്ളത്. ഈ മൂല്യനിർണ്ണയം എങ്ങനെ, ഏതൊക്കെ പ്രവൃത്തികൾ ചെയ്തത് അടിസ്ഥാനമാക്കിയാണ് എന്ന് വ്യക്തമല്ല. പ്രവൃത്തി പൂർത്തീകരിച്ച വിവരം മറ്റ് സാങ്കേതികവിദഗ്ദർ പരിശോധിച്ചതായികാണുന്നില്ല. ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കിയിട്ടില്ല.എത്ര തറവിസ്തീർണ്ണമുള്ള വീടാണ് പൂർത്തീകരിച്ചത് എന്നും വ്യക്തമല്ല.

11.10.2017 തീയതിയിലെ സ.ഉ(എം.എസ്) 196/2017 - ഉത്തരവ് പ്രകാരം, ഭവന നിർമ്മാണം പൂർത്തീകരിക്കുന്നമുറയ്ക്ക് സാമൂഹിക ഓഡിറ്റ് നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപന ആസൂത്രണ കമ്മിറ്റിയിലെ എക്സ് ഒഫീഷ്യോ അല്ലാത്ത ഒരംഗം ഓഡിറ്റ് കമ്മിറ്റിയുടെ ചെയർമാനും സി.ഡി.എസ് ചെയർപേഴ്സൺ, മൂന്ന് ഗുണഭോക്താക്കൾ, ഒരു റിട്ട.ഉദ്യോഗസ്ഥൻ, മുൻ ജനപ്രധിനിധി എന്നിവരടങ്ങുന്ന ഏഴംഗ കമ്മിറ്റിയായിരിക്കണം ഓഡിറ്റ് കമ്മിറ്റിയിലെ മറ്റ് അംഗങ്ങൾ. ഇവർ പൂർത്തീകരിച്ച ഭവനങ്ങൾ സന്ദർശിച്ച് ഗുണഭോക്താക്കൾ, സംഭാവന നൽകിയവർ, മാനുഷിക വിഭവം നൽകിയവർ എന്നിവരുമായി ആശയ വിനിമയം നടത്തി റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള സാമൂഹിക ഓഡിറ്റ് നടത്തിയിട്ടില്ല. യഥാസമയം സാമൂഹ്യ ഓഡിറ്റ് നടത്തിയിരുന്നെങ്കിൽ അപാകതകൾ/പോരായ്മകൾ യഥാസമയം പരിഹരിച്ച് ക്രമീകരിക്കാമായിരുന്നു.

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 26/25.08.2019) മറുപടി നൽകിയിട്ടില്ല. അപാകതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-21 ടി.എസ്.പി ലൈഫ് ഭവന നിർമ്മാണ പദ്ധതി - പൂർത്തിയായ വീടിനു വീണ്ടും ധനസഹായം നൽകി.

. . ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ടി.എസ്.പി. ഭവനനിർമ്മാണം പദ്ധതിയിലെ പൂർത്തിയാകാത്ത

ഭവനങ്ങളുടെ പൂർത്തീകരണത്തിനായി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്. ഫയലുകൾ പരിശോധിച്ചതിൽ നിന്നും, താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ വീടുകൾ ടി.എസ്.പി ഭവനനിർമ്മാണം പദ്ധതിയിൽ ഭൗതികമായി പൂർത്തീകരിക്കപ്പെട്ടവയാണ്. വീണ്ടും ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ, പൂർത്തീകരിക്കാത്ത ഭവനങ്ങൾ ലൈഫ്ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിനുള്ള സർക്കാർ ഉത്തരവിൽ (എം.എസ്.നം.196/2017/തസ്വഭവ/11.10.2017) ഉറപ്പുള്ള ഭിത്തിയിൽ സ്ഥിരമായ മേൽക്കൂര ഉള്ളതും അടച്ചുറപ്പുള്ള വാതിലുകളോട് കൂടിയതുമായ വീടാണെങ്കിൽ അതിനെ വാസയോഗ്യമായ വീടായി കണക്കാക്കണമെന്നും, ഭൗതികമായി പൂർത്തീകരിച്ചിട്ടുള്ളതും എന്നാൽ, സാങ്കേതിക കാരണങ്ങളാൽ തുക കൈമാറിയിട്ടില്ലാത്തതുമായ ഭവനങ്ങളെ പൂർത്തിയാക്കാത്ത ഭവനമായി കണക്കാക്കേണ്ടതില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. റ്റി.പി.റ്റി.എ റിപ്പോർട്ട്, നിർവ്വഹണോദ്യോഗസ്ഥന്റെ റിപ്പോർട്ട്, മുൻ ഭവന പദ്ധതിയിലെ സ്റ്റേജ് സർട്ടിഫിക്കറ്റും ഫോട്ടോകളും, ലൈഫ് അപേക്ഷ തുടങ്ങിയവ ഫയലുകളിൽ ഇല്ല.

ലൈഫ് പദ്ധതിയിലേക്കുള്ള അപേക്ഷകളും നിർവ്വഹണോദ്യോഗസ്ഥന്റെ റിപ്പോർട്ടും ഒരു ഫയലിലും ഇല്ല. ലൈഫ് പദ്ധതിയിലെ തുടക്കത്തിലെ ഫോട്ടോ പ്രകാരം പണി പൂർത്തിയായ വീടാണെന്ന് വ്യക്തമാണ്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | ടി.എസ്.പി ഭവന നിർമ്മാണം വർഷം | മുൻപ് കൈ പ്പറ്റിയ തുക | ലൈഫ് എസ്റ്റിമേറ്റ് | ഉൾപ്പെടുത്തിയ പ്രവർത്തികൾ | മൂല്യനിർണ്ണയം | ലൈഫിൽ ചെലവഴിച്ച തുക / ബിൽ നമ്പർ |
|---|---|---|---|---|---|---|---|
| 1 | രാധാമണി ശേഖരൻ, W/o രഘു, കോളൂർ കുറുമ കോളനി, മുത്തങ്ങ, വാർഡ് 8. (ലൈഫ് ഐ.ഡി : 91619) | 2009-2010 | 95000 (125000ന്റെ മൂന്ന് ഗഡു) | 94000/- (അസി. എഞ്ചിനീയർ, മൈനർ ഇറിഗേഷൻ, അമ്പലവയൽ) | ലീച്ച് പിറ്റ്, ലിന്റൽ, മേല്ക്കൂര, പ്ലാസ്റ്ററിംഗ്, ഡോർ, വിൻഡോസ്, വൈറ്റ് വാഷിംഗ്. | 94000/- (സലോഷ്, അസി. എഞ്ചിനീയർ, നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത്) | 94000/- (ബിൽ നം. 4/18-19/ 31.05.18) |
| 3 | സുമ.എം.ആർ, W/oവേലായുധൻ, മണിമുണ്ട കുറുമ കോളനി, വള്ളുവാടി, നായ്ക്കെട്ടി, വാർഡ് 5.(ലൈഫ് ഐ.ഡി : 76334) | 2009-2010 | 60000/- (125000ന്റെ മൂന്ന് ഗഡു) | 120000/- (അസി. എഞ്ചിനീയർ, മൈനർ ഇറിഗേഷൻ, സു.ബത്തേരി) | ഫ്ലോർ കോൺ ക്രീറ്റിംഗ്, പ്ലാസ്റ്ററിംഗ്, ഡോർ, വിൻഡോസ്, പെയിന്റിംഗ്. | 116020/- (സിറാജുദ്ദീൻ, അക്രഡിറ്റഡ് എഞ്ചിനീയർ, എം.എൻ. ആർ.ജി.എ) | 116020/- (56020, ബിൽ നം. 1/18-19/ 08.05.18 + 60000, ബിൽ നം. 1/17-18/ 21.03.18 |
| 4 | ബാലകൃഷ്ണൻ ഓണൻ, നഗരം കുന്ന് പണിയ കോളനി, നായ്ക്കെട്ടി, വാർഡ് 14. (ലൈഫ് ഐ.ഡി : 76413) | 2008-2009 | 80000 (100000ന്റെ മൂന്ന് ഗഡു) | 145000/- (അസി. എഞ്ചിനീയർ, മൈനർ ഇറിഗേഷൻ, പുൽപ്പള്ളി) | ഫ്ലോർ കോൺ ക്രീറ്റിംഗ്, പ്ലാസ്റ്ററിംഗ്, ഡോർ, വിൻഡോസ്, പെയിന്റിംഗ്. | 138770/- (സിറാജുദ്ദീൻ, അക്രഡിറ്റഡ് എഞ്ചിനീയർ, എം.എൻ. ആർ.ജി.എ) | 138770 (70000, ബിൽ നം. 3/17-18/ 28.03.18+ 68770, ബിൽ നം. 6/18-19/ 18.08.18 |
| ആകെ | | | | | | | 3,48,79/- |

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/2018-19/22.08.19) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ, ഭൗതികമായി പൂർത്തീകരിക്കപ്പെട്ട വീടുകൾക്ക് വീണ്ടും ലൈഫ് പദ്ധതിയിൽ

ഉൾപ്പെടുത്തി നൽകിയ ധനസഹായം 3,48,790/- (2017-18 ലെ 130000/- + 2018-19 ലെ 218790/- = 3,48,790/-)രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-22 ടി.എസ്.പി ലൈഫ് ഭവന നിർമ്മാണ പദ്ധതി - പ്ലാസ്റ്റർ ചെയ്ത വീടിന് വീണ്ടും പ്ലാസ്റ്ററിംഗിന് പണം നൽകി

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ടി.എസ്.പി. ഭവനനിർമ്മാണം പദ്ധതിയിലെ പൂർത്തിയാകാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്. ഫയലുകൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന ഗുണഭോക്താക്കളുടെ വീടുകൾ ടി.എസ്.പി. ഭവനനിർമ്മാണം പദ്ധതിയിൽ ചുമർ പ്ലാസ്റ്ററിംഗ് ചെയ്തതാണ്. എന്നാൽ വീണ്ടും ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി പ്ലാസ്റ്ററിംഗിന് ധനസഹായം നൽകിയിട്ടുണ്ട്. റി.പി.റ്റി.എ. റിപ്പോർട്ട്, നിർവ്വഹണോദ്യോഗസ്ഥന്റെ റിപ്പോർട്ട്, മുൻ ഭവനപദ്ധതിയിലെ സ്റ്റേജ് സർട്ടിഫിക്കറ്റും ഫോട്ടോകളും, ലൈഫ് അപേക്ഷ തുടങ്ങിയവ ഫയലുകളിൽ ഇല്ല. ലൈഫ് പദ്ധതിയിലെ തുടക്കത്തിലെ ഫോട്ടോ പ്രകാരം പ്ലാസ്റ്ററിംഗ് ചെയ്ത വീടാണെന്ന് വ്യക്തമാണ്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | ടി.എസ്.പി ജില്ലാ പഞ്ചായത്ത് വർഷം | മുൻപ് കൈപ്പറ്റിയ തുക | ലൈഫ് എസ്റ്റിമേറ്റ് | ഉൾപ്പെടുത്തിയ പ്രവർത്തികൾ | മൂല്യ നിർണ്ണയം | ലൈഫിൽ ചെലവഴിച്ച തുക / ബിൽ നമ്പർ | ചുമർ പ്ലാസ്റ്ററിംഗിന് നൽകിയ തുക |
|---|---|---|---|---|---|---|---|---|
| 1 | ചന്ദ്രിക കണ്ണൻ, കരടിമാട് കുറുമകോളനി, നൂൽപ്പുഴ. വാർഡ് 7, ലൈഫ് ഐ.ഡി. 76354 | 2011-2012 | 187500 (250000 ന്റെ മൂന്ന് ഗഡു) | 100000/- (അസി. എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ബത്തേരി) | പ്ലാസ്റ്ററിംഗ്, ഡോർ ഷട്ടേഴ്സ്, വിൻഡോസ് ഷട്ടേഴ്സ്, വൈറ്റ് വാഷിംഗ്. | 100000/- (അസി. എഞ്ചിനീയർ, നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത്) | 100000/- (40000, ബിൽനം. 1/17-18/ 21.03.18+ 60000, ബിൽനം. 1/18-19/30.07.18) | 25583 |
| 2 | ലീല വില്ലൻ പാലൻ, കർണ്ണാൽ പണിയ കോളനി, നായ്ക്കെട്ടി. വാർഡ് -16 (ലൈഫ് ഐ.ഡി : 76445) | 2009-2010 | 95000 (125000 ന്റെ മൂന്ന് ഗഡു) | 150000/- (അസി. എഞ്ചിനീയർ, മൈനർ ഇറിഗേഷൻ പുൽപ്പള്ളി) | ഫ്ലോർ കോൺക്രീറ്റിംഗ്, പ്ലാസ്റ്ററിംഗ്, ഡോർ, വിൻഡോസ്, പെയിന്റിംഗ്. | 152000/- (അസി. എഞ്ചിനീയർ, നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത്) | 152000/- (100000, ബിൽ നം.8/18-19/15.09.18+ 52000, ബിൽ നം. 12/18-19/22.12.18) | 37776 |
| 3 | വെളിച്ചി, കർണ്ണാൽ പണിയ കോളനി, മാതമംഗലം, വാർഡ്16 - (ലൈഫ് ഐ.ഡി : 76454) | 2009-2010 | 95000 (125000 ന്റെ മൂന്ന് ഗഡു) | 155000/- (അസി. എഞ്ചിനീയർ, മൈനർ ഇറിഗേഷൻ, പുൽപ്പള്ളി) | ഫ്ലോർ കോൺക്രീറ്റിംഗ്, പ്ലാസ്റ്ററിംഗ്, ഡോർ, വിൻഡോസ്, പെയിന്റിംഗ് | 97231/- (സിറാജുദ്ദീൻ, അക്രഡിറ്റഡ് എഞ്ചിനീയർ, എം.എൻ. ആർ.ജി.എ) | 97231/ -(75000, ബിൽ നം.4/17-18/28.03.18+ 22231, ബിൽ നം.6/ 18-19/ 18.08.18) | 37776 |
| 4 | ബിജു.റ്റി.വി, | 2009-2010 | 95000 (125000 | 80000/- (അസി. | ഫ്ലോർ കോൺ | 80000/- (അസി. | 80000/- (40000, | 25952 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | തോരാമംഗലം കുറമ കോളനി, വള്ളുവാടി. വാർഡ്-3 (ലൈഫ് ഐ.ഡി : 75982) | | ന്റെ മൂന്ന് ഗഡു) | എഞ്ചി നീയർ, മൈനർ ഇറിഗേഷൻ, കൽപ്പറ്റ) | ക്ലീറ്റിംഗ്, പ്ലാസ്റ്ററിംഗ്, ഡോർ, വിൻഡോസ്, പെയിന്റിംഗ് | എഞ്ചി നീയർ, നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത്) | ബിൽ നം.1/ 17-18/ 21.03.18+ 40000, ബിൽ നം. 4/18-19/31.05.18) | |
| ആകെ | | | | | | | | 127087 |

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15 /2008-09/22.08.19) മറുപടി നൽകിയിട്ടില്ല. അതിനാൽ, പ്ലാസ്റ്ററിംഗ് ചെയ്ത വീടുകൾക്ക് വീണ്ടും ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പ്ലാസ്റ്ററിംഗിന് നൽകിയ ധനസഹായം, 1,27,087/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

# 1-23 സ്കൂൾ ഫർണ്ണിച്ചർ വിതരണ പദ്ധതി ലക്ഷ്യം കണ്ടില്ല

വിദ്യാഭ്യാസ മേഖലയിൽ തൻവർഷം നടപ്പാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം - പദ്ധതിയിൽ സ്കൂൾ ഫർണ്ണിച്ചർ (പ്രൊജക്ട് നം-254/18-19), ബാലസൗഹൃദ മേശയും കസേരയും വാങ്ങൽ (പ്രൊജക്ട് നം-253/18-19) എന്നിവയാണ്നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എൽ പി സ്കൂളുകൾക്ക് ഫർണ്ണിച്ചർ വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി പ്രകാരം മൂന്ന് സ്കൂളുകൾക്ക് ഫർണ്ണിച്ചർ വിതരണം ചെയ്തിട്ടുണ്ട്. 910L X 910 WX 785 H Squire pipe 16 Kg 1.5 (Rubco Rubhood) with 10 year waranty സ്പെസിഫിക്കേഷനിലുള്ള ബെഞ്ച് & ഡെസ്ക്ക് നാണ് ടെൻഡർ ക്ഷണിച്ചത്. ടെണ്ടറിൽ മൂന്ന് സ്ഥാപനങ്ങൾ പങ്കെടുത്തെങ്കിലും ടെൻഡർ സ്പെസിഫിക്കേഷനിൽ പറഞ്ഞിരിക്കുന്നതല്ലാത്ത ഉല്പ്പന്നത്തിന്റെ പേര് രേഖപ്പെടുത്തിയ സ്ഥാപനത്തിന്റെ ടെൻഡറാണ് അംഗീകരിച്ചിരിക്കുന്നത്. സ്പെസിഫിക്കേഷനിലുള്ള ബെഞ്ച് & ഡെസ്ക്കിനുമാണ് ടെൻഡർ ക്ഷണിച്ചത്. മേശ, കസേര എന്നിവയുടെ വില 3 തവണ രേഖപ്പെടുത്തിയ ടെൻഡർ അംഗീകരിച്ച് പർച്ചേസ് ഓർഡറാണ് നൽകിയിരുന്നതെങ്കിലും വിതരണം ചെയ്തത് ഡ്യുവൽ ഡെസ്ക്കാണ്. എന്നാൽ മേശയും ഡെസ്കും തമ്മിലുള്ള അകലം കൂടുതലായതിനാൽ മേശയുടെ മുകളിൽ ബുക്ക് വച്ച് കുട്ടികൾക്ക് ഇരുന്നു വായിക്കാനോ എഴുതാനോ സാധിക്കാത്ത നിലയിലാണുള്ളത്. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-1 കാണുക.

# 1-24 ഗോത്രതാളം-വാദ്യോപകരണ പരിശീലനവും സംഘ രൂപീകരണവും പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ

പഞ്ചായത്ത് പരിധിയിലുള്ള എസ് ടി വനിതകളുടെ ഉന്നമനത്തിനായി വനിതാഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വിതരണം ചെയ്ത് അതിലൂടെ അവരുടെ ജീവിത നിലവാരം ഉയർത്താനാണ് പദ്ധതി വിഭാവനം ചെയ്തത്. ജി.ഒ (എം.എസ്) 22/18/ത.സ്വ.ഭ.വ 14/02/18 ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.15 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ യുവജന ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകാവുന്നതാണ്. ഗുണഭോക്തൃ വിഹിതമായി 5%അതത് ഗ്രൂപ്പുകൾ അടയ്ക്കേണ്ടതാണ്.

പഞ്ചായത്തിൽ 2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി സുവർണ്ണരാഗം മ്യൂസിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം.G563 dtd 31/03/201 പ്രകാരം വാദ്യോപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

| | |
|---|---|
| പ്രൊജക്ട് നം. | 251/18-19 |
| പദ്ധതി അടങ്കൽ | 2,00,000/-(ടി എസ്.പി) |
| പദ്ധതി ചെലവ് | 1,56,356/- (ബിൽ നം-1/18-19 തിയ്യതി-19/05/2018) |
| | |

| | |
|---|---|
| നിർവ്വഹണം | ഹെഡ്മാസ്റ്റർ. |

1.ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം തേടിയിട്ടില്ല.

2.ഗുണഭോക്തൃലിസ്റ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3.പദ്ധതി സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പിലോ സ്റ്റാൻഡിംഗ് കമ്മിറ്റിയിലോ ചർച്ചകൾ നടന്നതായി മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

4.വാദ്യോപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

5.മാർഗ്ഗരേഖ പ്രകാരം 5% ഗുണഭോക്തൃവിഹിതം ഈടാക്കേണ്ടതാണ് എന്നാൽ ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം നൽകേണ്ടതും അധിക വിവരങ്ങളുണ്ടെങ്കിൽ ആയവ ഹാജരാക്കേണ്ടതുമാണെന്ന് അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.9, തിയ്യതി. 22/08/2019)ക്കുള്ള മറുപടിയിൽ 5% ഗുണഭോക്തൃവിഹിതം അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ ഗുണഭോക്തൃ വിഹിതമായ ₹7,818/-രൂപ ഈടാക്കി അടവാക്കേണ്ടതും വാദ്യോപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണ്. അപാകതകൾ പരിഗണിച്ച് ഗുണഭോക്തൃവിഹിതമായ ₹7,818/-രൂപ കിഴിച്ചുള്ള ₹1,48,538/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

# 1-25 വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണപദ്ധതി

ഗ്രാമപഞ്ചായത്ത് പരിധിയിലെ എൽ പി ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുകയായിരുന്നു പ്രോജക്ടിലൂടെ വിഭാവനം ചെയ്തത്.

| | |
|---|---|
| പ്രൊജക്ട് നം | 252/19 |
| പദ്ധതി അടങ്കൽ | 10,00,000/-(ടി എസ്.പി) |
| പദ്ധതി ചെലവ് | 9,99,797/- |
| ബിൽ നം | 2/18-19/15/05/2018 |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ. |

ജി.ഒ (എം എസ്) 22/18 ത സ്വ ഭ വ 14/02/18 ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.7 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും (സ്റ്റീൽ/മരം) സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരം വാങ്ങി വിദ്യാർത്ഥിയുടെ പഠന കാലയളവിലൊരിക്കൽ നൽകാവുന്നതാണ്. (5000/- രൂപ വരെ ചെലവഴിക്കാം)പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും വകുപ്പിൽ നിന്നോ മുൻപ് ഈ ആനുകൂല്യം ലഭിച്ചവർ അർഹരല്ല.

ഇൻവോയ്സ് നം.SMC/WYD/17-18/TI/050 dtd 23/02/2018 പ്രകാരം സിഡ്കോയിൽ നിന്നും 209 വീതം മേശയും കസേരയും വാങ്ങി കുട്ടികൾക്ക് വിതരണം നടത്തിയിട്ടുണ്ട്. ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.ജി.ഒ (എം എസ്) 22/18 ത സ്വ ഭ വ 14/02/18 ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.7 പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും വകുപ്പിൽ നിന്നോ മുൻപ് ഈ ആനുകൂല്യം ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടില്ല എന്ന് ഉറപ്പുവരുത്തി കസേരയും മേശയും സ്റ്റീൽ അല്ലെങ്കിൽ മരം കൊണ്ടുണ്ടാക്കിയവ വാങ്ങി നൽകാവുന്നതാണ്. പദ്ധതി സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പിലോ സ്റ്റാൻഡിംഗ് കമ്മിറ്റിയിലോ ചർച്ച നടത്തിയതായി മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തുകയോ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽ നിന്നോ മറ്റേതെങ്കിലും വകുപ്പിൽ നിന്നോ മുൻപ് ഈ ആനുകൂല്യം ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടില്ല എന്ന് ഉറപ്പ് വരുത്തുകയോ ചെയിതിട്ടില്ല. മാർഗ്ഗരേഖ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഫൈബർ കസേരകളാണ് വിതരണം

നടത്തിയത്. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.10, തിയ്യതി. 22/08/2019)ക്ക് നൽകിയ മറുപടിയിൽ മാർഗ്ഗരേഖ പ്രകാരം അനുവദിച്ച തുക കൊണ്ട് സ്റ്റീൽ/മരം ഉപയോഗിച്ച നിർമ്മിച്ച മേശയും കസേരയും വാങ്ങിയാൽ ഗുണനിലവാരം തീരെ കുറഞ്ഞുപോകുമെന്നതിനാലും പ്രളയകാലത്ത് വെള്ളം കയറുന്ന വീടുകളിലെ മേശയും കസേരയും പെട്ടെന്ന് നശിച്ച പോകുമെന്നതിനാലുമാണ് ഭരണസമിതിയിൽ ചർച്ചചെയ്തതിനുശേഷം നീൽകമൽ കമ്പനിയുടെ ഫൈബർ കസേര സിഡ്കോയിൽ നിന്നും വാങ്ങിയതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഭരണസമിതി തീരുമാനം ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഫൈബർ കസേരകൾ വാങ്ങുന്നതിനായി ചെലവഴിച്ച ₹1,39,587/-രൂപ തടസ്സപ്പെടുത്തുന്നു.(566 *209 = 118294 + (C.G.S.T.9%, S.G.S.T.9%) മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഫൈബർ കസേരകൾ വാങ്ങി വിതരണം നടത്തിയതിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

# 1-26 സാംസ്കാരിക നിലയങ്ങൾ വായനശാലകൾ എന്നിവയ്ക്ക് പത്രം വിതരണം

പൊതുജനങ്ങളിലെ വായനാശീലം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി പഞ്ചായത്ത് പരിധിയിലെ 24 സ്ഥാപനങ്ങൾക്ക് (ഗ്രാമപഞ്ചായത്ത്,ഹോമിയോ ഡിസ്പെൻസറി ഉൾപ്പെടെ) പദ്ധതി പ്രകാരം പത്രം വിതരണം നടത്തിയിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് നം | 342/18-19 |
| പദ്ധതി അടങ്കൽ | 1,00,000/-(പൊതുവിഭാഗം സാധാരണ വിഹിതം) |
| പദ്ധതി ചെലവ് | ₹87,457/- |
| ബിൽ നം | 11/18-19 തിയ്യതി-17/09/18-Rs.18,190/- |
| | 21/18-19 തിയ്യതി-27/12/18,-Rs.11,695/- |
| | 24/18-19 തിയ്യതി-28/02/19,-Rs.24,440/- |
| | 27/18-19 തിയ്യതി-22/03/19-Rs.33,132/- |

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സാംസ്കാരിക സ്ഥാപനങ്ങളുടെ രജിസ്റ്ററുകളും പദ്ധതിയിലേക്ക് സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത പഞ്ചായത്ത് കമ്മിറ്റി തീരുമാനമോ മറ്റ് രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 12/22.08.2019) പഞ്ചായത്ത് കമ്മിറ്റി തീരുമാനം ലഭ്യമാക്കിത്തരുവാൻ പഞ്ചായത്തിൽ ആവശ്യപ്പെട്ടിട്ടുണ്ടെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. രേഖകളുടെ അഭാവത്തിൽ ചെലവു തുക ₹87,457/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

# 1-27 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ക്ഷീരകർഷക സംഘത്തിൽ പാൽ അളക്കുന്ന പൊതുവിഭാഗത്തിൽപ്പെട്ട എല്ലാവർക്കും ലിറ്ററിന് 3/- രൂപ നിരക്കിൽ അധികതുക നൽകുന്നതിനാണ് തൻവർഷം പദ്ധതി നടപ്പാക്കിയതിന് (അടങ്കൽ - 52,00,000/-, വികസനഫണ്ട് -38,00,000/-, ബ്ലോക്ക്പഞ്ചായത്ത് വിഹിതം - 10,00,000/-,ജില്ലാപഞ്ചായത്ത് വിഹിതം-400000/-) 41,99,854/- രൂപയാണ് ചെലവ് പത്രിക പ്രകാരമുള്ള ചെലവ്. എന്നാൽ പ്രസ്തുത പദ്ധതിക്കായി പിൻവലിച്ച 3,62,777/- രൂപയിൽ (ബിൽ നമ്പർ-4/18-19/15.12.2018) ഒരു ഗുണഭോക്താവിന് 10,224/- രൂപയ്ക്ക് പകരം 1,02,224/- രൂപ നൽകിയതിലൂടെ അധികം നൽകിയ 92,000/- രൂപ ഗുണഭോക്താവിൽ നിന്നും വസൂലാക്കി ട്രഷറിയിൽ തിരിച്ചടച്ച (ചലാൻ

നം.KL010184580201819M /10.1.2019). ടി തുക തിരികെ വരവ് വെച്ചതിന്റെയും, ഗുണഭോക്താക്കൾക്ക് നൽകിയതിന്റെയും വിശദാംശങ്ങൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (4/18-19/21.8.2019) തുക തിരികെ ലഭ്യമാക്കുന്നതിന് പഞ്ചായത്തിന് കത്ത് നൽകിയെങ്കിലും സാങ്കേതിക കാരണങ്ങളാൽ സാംഖ്യയിൽ പ്രസ്തുത തുക വീണ്ടും വകയിരുത്താൻ സാധിക്കാത്തതിനാൽ അത്രയും തുക നൽകാൻ സാധിച്ചിട്ടില്ല എന്ന മറുപടിയാണ് നൽകിയത്. നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുണ്ടായ അശ്രദ്ധ കാരണം പഞ്ചായത്തിലെ ഗുണഭോക്താകൾക്ക് ലഭിക്കേണ്ടിയിരുന്ന 92,000/- രൂപ നഷ്ടമായി. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-28 മരുന്നുകൾ ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നു

ആയുർവേദം മെഡിക്കൽ ഓഫീസർ തൻവർഷം മരുന്ന് വാങ്ങുന്നതിന് താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

1)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 104/19 |
| പ്രോജക്റ്റ് | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 5,50,000/- രൂപ |
| ചെലവ് | 5,50,000/- രൂപ |
| ബിൽ നം./തീയതി | 3/18-19/11.12.18 2 ലക്ഷം |
| | 6/18-19/22.12.18 2 ലക്ഷം |
| | 7/18-19/17.01.19 1,50,000/- |

2)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 109/19 |
| പ്രോജക്റ്റ് | ജനനി സുരക്ഷ പദ്ധതി |
| അടങ്കൽ | 2,00,000/- രൂപ |
| ചെലവ് | 2,00,000/- രൂപ |
| ബിൽ നം./തീയതി | 2/18-19/27.11.18 1,95,000/- |
| | 14/18-19/14.03.19 5,000/- |

3)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 159/19 |
| പ്രോജക്റ്റ് | സമഗ്ര വയോജന ചികിത്സ ജനറൽ |
| അടങ്കൽ | 5,00,000/- രൂപ |
| ചെലവ് | 5,00,000/- രൂപ |
| ബിൽ നം./തീയതി | 4/18-19/18.12.18 2,30,000/- |
| | 8/18-19/21.01.19 2,55,000/- |
| | 13/18-19/19.03.19 15,000/- |

ഔഷധിയിൽനിന്നും ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയ്ക്കായി 2018-19 വർഷത്തിൽ 5,50,000/- രൂപയും ജനനി സുരക്ഷ പദ്ധതിക്കായി 1,95,000/- രൂപയും സമഗ്ര വയോജന ചികിത്സ (ജനറൽ) പദ്ധതിക്കായി 4,85,000/- രൂപയും ഉൾപ്പെടെ ആകെ 12,30,000/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് NEFT മുഖേന മാനേജിംഗ് ഡയറക്ടർ, ഔഷധി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. നാളിതുവരെ ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ 3,53,326/- രൂപയുടെയും, ജനനി സുരക്ഷ പദ്ധതിയിൽ 1,56,823/- രൂപയുടെയും, സമഗ്ര വയോജന ചികിത്സ (ജനറൽ) പദ്ധതിയിൽ 3,69,245/- രൂപയുടെയും മരുന്നുകൾ ഉൾപ്പെടെ 879394/- രൂപയുടെ മരുന്നുകൾമാത്രമേ ലഭ്യമായിട്ടുള്ളൂ. ഔഷധിയുമായി ഒപ്പുവെച്ച എഗ്രിമെന്റ്, മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ എന്നിവ ഹാജരാക്കാനാവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. 3,50,606/- രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 പ്രവൃത്തികൾ നടപ്പാക്കാത്തതിനാൽ ഫണ്ടുകൾ നഷ്ടമാകുന്നു.

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കേണ്ട മരാമത്ത് പദ്ധതികൾ ആസൂത്രണം ചെയ്ത് അംഗീകാരം നേടിയിട്ടും ഫണ്ട് വകയിരുത്തിയിട്ടും നടപ്പാക്കാതിരിക്കുന്നതായി കാണുന്നു. പ്രവൃത്തികൾക്കായി കരാറിൽ ഏർപ്പെട്ടിട്ടും നടപ്പാക്കാതിരിക്കുന്നതിനാൽ പഞ്ചായത്തിന് ലഭിക്കുന്ന ഫണ്ടുകൾ പാഴാകുന്നതായി കാണുന്നു. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

എ) തൻവർഷത്തെ പുതിയ പദ്ധതികൾ

ആകെ പുതിയ പദ്ധതികൾ - 126

കരാറിൽ ഏർപ്പെട്ടവ -107

കരാറിൽ ഏർപ്പെടാത്തവ - 19

കരാറിൽ ഏർപ്പെട്ടവയിൽ ചെലവുള്ളവ - 19

കരാറിൽ ഏർപ്പെട്ടവയിൽ ചെലവില്ലാത്തവ - 88

എ) സ്പിൽ ഓവർ പദ്ധതികൾ

ആകെ നിലവിൽ കരാറുള്ള പദ്ധതികൾ - 65

ചെലവുള്ളവ - 37

ചെലവില്ലാത്തവ - 28

പദ്ധതി ആസൂത്രണത്തിലെയും നിർഹണത്തിലെയും ഗുരുതരമായ വീഴ്ചകൾ നിമിത്തം പഞ്ചായത്തിന് ലഭിക്കുന്ന ഫണ്ടുകൾ ലാപ്സാകുകയും ചെയ്യുന്നു. പഞ്ചായത്തിന് നിർവ്വഹിക്കാവുന്ന തരത്തിലും എണ്ണത്തിലുമുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിലും നടപ്പാക്കുന്നതിനും സാധിക്കുന്നില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാവുന്നത്. കരാറിലേർപ്പെട്ട പദ്ധതികൾ തന്നെ കരാറുകാർ/കൺവീനർമാർ ചെയ്യാതിരിക്കുന്നതിനാൽ ഫണ്ട് വിനിയോഗിക്കാനാകാതെ വർഷാവസാനം പാഴാകുന്നു. എന്നിട്ടും ഇപ്രകാരം നഷ്ടപ്പെടുന്ന തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നില്ലെന്നു മാത്രമല്ല തുടർ വർഷങ്ങളിലേക്കും ഇതേ പദ്ധതിയും കരാറുകളും (അനധികൃതമായി) തുടരുകയും തുടർവർഷത്തിലും ഫണ്ട് വിനിയോഗിക്കാനാകാതെ വർഷാവസാനം പാഴാകുകയും ചെയ്യുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റാന്റിംഗ് കമ്മറ്റികൾ, പഞ്ചായത്ത് ഭരണസമിതി എന്നിവ ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല. ഏറ്റവും ചുരുങ്ങിയത് കരാർ ചമക്കുന്ന പ്രവൃത്തികളെങ്കിലും യഥാസമയം പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പിക്കാനാകുന്നില്ല.

## 1-30 പഞ്ചായത്ത് ബിറ്റുമിൻ വാങ്ങിനല്കിയെങ്കിലും വർക്കുകൾ പൂർത്തീകരിച്ചില്ല

2017-18 വർഷം അസി.എഞ്ചിനീയർ നടപ്പാക്കുന്ന 31 റോഡ് ടാറിംഗ്/റീടാറിംഗ് വർക്കുകൾക്കായി പഞ്ചായത്ത് ബിറ്റുമിൻ വാങ്ങി നല്കിയിരുന്നു. 2017-18 വർഷം കരാർ ചമച്ച ഏകവർഷ പ്രൊജക്ടുകൾ 31.3.18 നകം പൂർത്തീകരിക്കേണ്ടവയായിരുന്നു. പഞ്ചായത്ത് 2017-18 വർഷം തന്നെ ബിറ്റുമിൻ വാങ്ങി നല്കിയിട്ടും കരാറുകാരൻ വർക്കുകൾ 2017-18 ലോ 2018-19ലോ, നിലവിലോ പൂർത്തീകരിച്ചിട്ടില്ല. എന്നിട്ടും കരാറുകാരനെതിരെ നടപടിയെടുത്തതായി കാണുന്നില്ല (ഫയലിൽ രേഖകളില്ല). വകയിരുത്തിയ തുക യഥാസമയം ചെലവഴിക്കാതെ പഞ്ചായത്തിന് നഷ്ടമായിട്ടും തുക കരാറുകാരനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിച്ചില്ല എന്ന് മാത്രമല്ല തുടർ വർഷങ്ങളിലും വീണ്ടും തുക വകയിരുത്തുകയും എന്നാൽ ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നതിനാൽ പഞ്ചായത്തിന് ഫണ്ടുകൾ നഷ്ടമായിട്ടുണ്ട്. വിശദ വിവരങ്ങൾക്ക് ഖണ്ഡിക 3-2 കാണുക.

## 1-31 ടെണ്ടർ ബിലോ കുറവ് ചെയ്യാതെ തുക അനുവദിച്ചു - 484585/-രൂപ കരാറുകാരന് അധികം നൽകി.

പഞ്ചായത്ത് കെട്ടിടനിർമ്മാണം എന്ന പ്രവർത്തിക്ക് കരാറുകാരൻ എസ്റ്റിമേറ്റ് തുകയുടെ 10.6% കുറഞ്ഞ നിരക്കാണ് ക്വോട്ട് ചെയ്തതെങ്കിലും ബിൽ തുക കണക്കാക്കിയതിലെ ന്യൂനത നിമിത്തം അധികച്ചെലവ് വന്നിട്ടുണ്ട്. പ്രവൃത്തിക്ക് അനുവദനീയമായതുമായ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തി മൂല്യം | ₹55,46,658/- |
| ടെണ്ടർ കുറവ് വരുത്തേണ്ടത് (10.6%) | ₹5,87,946/- |
| അനുവദനീയമായ തുക (5546658 - 587946) | ₹49,58,712/- |
| അധികമായി നൽകിയ തുക (5443297 - 4958712) | ₹4,84,585/- |

പാർട്ട് ബില്ലുകൾ അനുവദിച്ചപ്പോൾ ടെണ്ടർ ബിലോ കുറവ് ചെയ്യാതെ നൽകുകയും ഫൈനൽ ബില്ല് അനുവദിച്ചപ്പോൾ ആയത് കണക്കിലെടുക്കാതെ അവസാന പാർട്ട് ബില്ല് തുകയ്ക്ക് ആനുപാതികമായി മാത്രം ടെണ്ടർ ബിലോ കുറവ് ചെയ്യുകയും ചെയ്തതാണ് 484585/-രൂപയുടെ അധികച്ചെലവിന് ഇടയാക്കിയത് എന്ന് കാണുന്നു. കരാറുകാരന് അധികമായി നൽകിയ ₹4,84,585/- തിരികെ ഈടാക്കി സഞ്ചിതനിധിയിൽ ഒടുക്കുവരുത്തി അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-3കാണുക.

## 1-32 ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തി - ഓവർഹെഡ് ചാർജ് ഉൾപ്പെട്ട എസ്റ്റിമേറ്റ് - മൂല്യനിർണ്ണയത്തോടൊപ്പം നികുതി തുകകൾ വീണ്ടും അനുവദിച്ചതിനാൽ അധികച്ചെലവ്

സർക്കാർ ഉത്തരവ് (പി)നം. 30/2016/ധനം/29.02.2016 പ്രകാരം ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ 7.5% ഓവർഹെഡ് ചാർജുകൾ ഉൾക്കൊള്ളിക്കേണ്ടതും ഇപ്രകാരം ഓവർഹെഡ് ചാർജ്ജ് ഉൾക്കൊള്ളിച്ചിട്ടുള്ള എസ്റ്റിമേറ്റുകളിൽ നികുതികൾ ഗുണഭോക്തൃസമിതികൾ വഹിക്കേണ്ടതുമാണ്. എന്നാൽ മൂലവയൽ വെളുതൊണ്ടിറോഡ് സൈഡ് ഡ്രെയിനേജ് വർക്കിന്റെ എസ്റ്റിമേറ്റിൽ നിരക്കുകൾ കണക്കാക്കിയതിൽ 7.5% ഓവർഹെഡ് ചാർജും ഉൾപ്പെടുത്തുകയും ഈ

പ്രവൃത്തിയുടെ മൂല്യനിർണ്ണയത്തോടൊപ്പം വീണ്ടും നികുതികൾ കൂടെ അനുവദിച്ചതിനാൽ 8,911/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ ഖണ്ഡിക 3-4 ൽ ചേർത്തിട്ടുണ്ട്.

## 1-33 എസ്റ്റിമേറ്റിൽ ലംപ്സം പ്രൊവിഷനായി വൻതുക ഉൾക്കൊള്ളിക്കുന്നതിനാൽ ഫണ്ട് പാഴാകുന്നു.

അസി.എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന മരാമത്ത് പദ്ധതിയിൽ എസ്റ്റിമേറ്റിൽ ലംപ്സം പ്രൊവിഷനായി വൻ തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ ഈ തുക ഉൾക്കൊള്ളിക്കുന്നതിന്റെ ആവശ്യകത പ്രൊജക്റ്റിലോ എസ്റ്റിമേറ്റിലോ വ്യക്തമാക്കിയിട്ടില്ല. ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകൾ പ്രകാരമുള്ള വിവരങ്ങൾ താഴെക്കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കാക്കമല മഹാത്മഗാന്ധി റോഡ് ടാറിംഗ് |
| അടങ്കൽ | 4,90,000/- രൂപ |
| കരാറുകാരൻ | അബ്ദുൾ അസീസ് |
| കരാർ നമ്പർ | 75/ 17-18/ 31.3.18 |
| ട്രഷറി ബിൽ നം. | 01/18-19/27.11.18 -18127/- രൂപ |
| ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം ലംപ് സം തുക | 371283/- രൂപ |
| റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ലംപ് സം തുക | 271903/- രൂപ |
| വർക്കിനായി ചെലവഴിച്ച തുക | 218127/- രൂപ |
| വിനിയോഗിക്കാതെ പാഴായതുക | 271873/- രൂപ |

ഈ പദ്ധതിയിൽ ഇപ്രകാരം തുക വകയിരുത്തി ഫണ്ട് ചെലവഴിക്കാനാകാതെ പാഴായതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ പദ്ധതി ആസൂത്രണവും നിർവ്വഹണവും മതിയായ ശ്രദ്ധയോടെ നിർവ്വഹിക്കുന്നതിലെ വീഴ്ചയാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

## 1-34 സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ.

വിവിധ പദ്ധതികളിലായി നിർവ്വഹണ ഉദ്യോഗസ്ഥർ വാങ്ങി നൽകുന്ന ആസ്തികൾ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് യഥാവിധി വിതരണം ചെയ്യുന്നില്ല.

ഉദാ. തുടർ സാക്ഷരതാകേന്ദ്രത്തിന് വാങ്ങിനൽകിയ കമ്പ്യൂട്ടർ, ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ വാദ്യോപകരണ വിതരണം, സൈക്കിൾ വിതരണം, ഫർണ്ണിച്ചർ വിതരണം ,സ്കൂളുകൾക്ക് ഫർണ്ണിച്ചർ etc.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.8,തിയ്യതി.22/08/2019) ന് മറുപടിയായി നിലവിൽ സ്റ്റോക്ക് രജിസ്റ്ററിൽ അതത് നിർവ്വഹണ ഉദ്യോഗസ്ഥരാണ് ആസ്തികൾ രേഖപ്പെടുത്തുന്നതെന്നും ഭാവിയിൽ രേഖപ്പെടുത്തുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പഞ്ചായത്തിൽ നിന്നും സ്റ്റോക്ക് രജിസ്റ്റർ അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്ററിൽ 2018-19 വർഷത്തിൽ പഞ്ചായത്തുഫണ്ട് ഉപയോഗിച്ച വാങ്ങിയ ആസ്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

## 1-35 നിർവ്വഹണ ഉദ്യോഗസ്ഥരുടെ അക്കൗണ്ടിലെ നീക്കിയിരുപ്പ് സംബന്ധിച്ച്

ജി.ഒ.(പി)നം.177/2006/ധനം, തീയതി 12.04.20106 പ്രകാരം പുറപ്പെടുവിച്ച ഫണ്ട് വിഭജനവും പിൻവലിക്കലും മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 8.3 അനുസരിച്ച് നോൺബാങ്കിംഗ് ട്രഷറി മുഖേന പണം പിൻവലിക്കൽ നടത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പണവിതരണം നടത്തുക എന്ന ആവശ്യത്തിനുവേണ്ടി മാത്രമായി നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വിതരണം നടത്താത്ത 30 ദിവസത്തിൽ അധികമായ ബാക്കി തുക ഒരോ മാസാവസാനവും ഫണ്ട് പിൻവലിച്ച അനുബന്ധ ഹെഡ് ഓഫ് അക്കൗണ്ടിൽ തിരിച്ചടയ്ക്കണമെന്ന് മേൽപ്പറഞ്ഞ മാർഗ്ഗരേഖയിലെ ഖണ്ഡിക 8.6 -ൽ നിഷ്കർഷിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ താഴെപ്പറയുന്ന നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ പദ്ധതി നിർവ്വഹണത്തിനായി ബാങ്ക് അക്കൗണ്ട് ഉണ്ട്.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ബാങ്ക് അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് തുക |
|---|---|---|
| കൃഷി ഓഫീസർ | 57068379633<br>എസ്.ബി.ഐ, ബത്തേര് | 1,81,515/- |
| വെറ്ററിനറി സർജൻ | 67009861146<br>എസ്.ബി.ഐ,ബത്തേരി | 61,699/- |

മേൽപറഞ്ഞ എല്ലാ ബാങ്ക് അക്കൗണ്ടുകളും ഗ്രാമപഞ്ചായത്തിന്റെ സാംഖ്യ അക്കൗണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്. അതിനാൽ ഈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകൾ ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽവിഷയത്തിൽ നിർവ്വണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയതായി കാണുന്നില്ല. 30 ദിവസത്തിൽ കൂടുതൽ വരുന്ന ബാക്കിതുക ട്രഷറിയിൽ തിരിച്ചടയ്ക്കാത്തത് സർക്കാർ നിർദ്ദേശത്തിന്റെ ലംഘനമാണ്. ഓഡിറ്റ് എൻക്വയറികൾക്ക്, നീക്കിയിരിപ്പ് തുക വിവിധ കാലയളവുകളിലെ പലിശയിനത്തിലെ തുകയാണെന്നും ആയത് തിരിച്ചടവാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

# <u>ഭാഗം -3</u>

# <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 സ്കൂളുകൾക്ക് ഫർണ്ണിച്ചർ വിതരണപദ്ധതി ലക്ഷ്യം കണ്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എൽ പി സ്കൂളുകൾക്ക് ഫർണ്ണിച്ചർ വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം ഗവ എൽ. പി. സ്കൂൾ മുത്തങ്ങ, ഗവ എൽ. പി. സ്കൂൾ കല്ലുമുക്ക്, ഗവ എൽ. പി. സ്കൂൾ വടക്കനാട് എന്നിവയ്ക്കായി 154 ഡ്യുവൽ ഡെസ്കുകൾ വിതരണം ചെയ്തിട്ടുണ്ട്.

1)

| | |
|---|---|
| പ്രൊജക്ട് നം | 254/18-19 |
| പ്രൊജക്ട് | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം- സ്കൂൾ ഫർണ്ണിച്ചർ |
| അടങ്കൽ | ₹4,95,000/-(ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ₹4,89,700/- |
| ബിൽ നം/തീയതി | 7/18-19/14/08/2018 |

2)

| | |
|---|---|
| പ്രൊജക്ട് നം | 253/18-19 |
| പ്രൊജക്ട് | ബാലസൗഹൃദ മേശയും കസേരയും വാങ്ങൽ |
| അടങ്കൽ | ₹4,25,000/-/-(ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ₹4,18,500/- |
| ബിൽ നം/ തീയതി | 6/18-19/14/08/2018 |

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതിയുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴപറയുന്നു.

<u>1) ടെൻഡർ നടത്തിപ്പിലെ അപാകതകൾ:</u>

പ്രൊജക്ട് ഫയലിൽ ഹാജരാക്കിയ ടെൻഡർ പരസ്യ പ്രകാരം 910L X 910 WX 785 H Squire pipe 16 Kg 1.5 (Rubco Rubhood) with 10 year waranty സ്പെസിഫിക്കേഷനിലുള്ള ബെഞ്ച് & ഡെസ്കിനാണ് ടെൻഡർ ക്ഷണിച്ചത്.

തോംസൺ അസോസിയേറ്റ്സ് കൽപ്പറ്റ, യമുന സ്റ്റീൽ ഇൻഡസ്ട്രീസ് ചുണ്ടേൽ, അനു എന്റർപ്രൈസസ് കല്പറ്റ എന്നീ സ്ഥാപനങ്ങളാണ് ടെൻഡർ സമർപ്പിച്ചത്. ഇതിൽ പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ 09/03/19 തിയ്യതിയിലെ തീരുമാന പ്രകാരം അനു എന്റർപ്രൈസസ് സാമ്പിൾ ഹാജരാക്കിയിട്ടില്ലായെന്ന് വ്യക്തമാക്കുന്നുണ്ട്.

ഫയൽ പരിശോധിച്ചതിൽ ബാക്കി 2 സ്ഥാപനങ്ങളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത യമുന സ്റ്റീൽ ഇൻഡസ്ട്രീസ് സ്പെസിഫിക്കേഷൻ രേഖപ്പെടുത്താതെ ഒരേ ഐറ്റത്തിന് 3 നിരക്കിട്ടാണ്(3,700/-, 4,900/-, 6,700/-) ടെൻഡർ സമർപ്പിച്ചിട്ടുള്ളത്. രേഖപ്പെടുത്തിയ 3 നിരക്കുകളിൽ ഏറ്റവും കൂടിയ നിരക്കാണ് 09/03/18 തിയ്യതിയിൽ ചേർന്ന പർച്ചേസ് കമ്മിറ്റി നെഗോസിയേഷന് പരിഗണിച്ചത്. പർച്ചേസ് കമ്മിറ്റി മിനിറ്റ്സിൽ ഒരേ ഐറ്റത്തിന് 3 നിരക്കിട്ടതിനെപ്പറ്റിയോ ടെൻഡർ സ്പെസിഫിക്കേഷൻ രേഖപ്പെടുത്താത്തതിനെക്കുറിച്ചോ ചർച്ചചെയ്ത് തീരുമാനം രേഖപ്പെടുത്തിയിട്ടില്ല.

<u>2) പ്രൊക്വയർമെന്റ് കമ്മിറ്റി തീരുമാനിച്ച നിരക്കിലും കൂടിയ നിരക്ക് ഫർണ്ണിച്ചർ വിതരണ ഏജൻസിക്ക് നൽകി</u>

09/03/2018 തിയ്യതിയിൽ ചേർന്ന പ്രൊക്വയർമെന്റ് കമ്മിറ്റിയിൽ ഡ്യുവൽ ഡെസ്ക്ക് ഒന്നിന് 5,700/- രൂപയാണ് നിശ്ചയിച്ചത്. എന്നാൽ യമുന സ്റ്റീൽ ഇൻഡസ്ട്രീസിന്റെ 27/03/18 ലെ ഇൻവോയ്സ് നം.8/17-18, 9/17-18 എന്നിവ പ്രകാരം ഡ്യുവൽ ഡെസ്ക്ക് ഒന്നിന് 5,900/- രൂപയാണ് നൽകിയിട്ടുള്ളത്. (8/17-18-71ഡ്യുവൽ ഡെസ്ക്ക്, 4,18,500/-രൂപ) (9/17-18-83ഡ്യുവൽ ഡെസ്ക്ക്, 4,89,700/-രൂപ) യമുന സ്റ്റീൽ

ഇൻഡസ്ട്രീസിന്റെ രണ്ട് ഇൻവോയ്സുകളിലായി 154 ഡ്യുവൽ ഡെസ്ക് വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. ഇൻവോയ്സ് പ്രകാരം ഒരു ഡ്യുവൽഡെസ്കിന് 200/- രൂപ തോതിൽ ആകെ 30800/- രൂപ അധികം നൽകിയിട്ടുണ്ട്.

3) ഫർണ്ണിച്ചറിലെ അപാകതകൾ

പദ്ധതിയിൽ വിതരണം നടത്തിയ ഡ്യുവൽ ഡെസ്കുകൾ 26/08/2019 ന് പഞ്ചായത്ത് അധികാരികളോടൊപ്പം ഗവ എൽ. പി. സ്കൂൾ കല്ലൂമുക്ക്, മുത്തങ്ങ എന്നിവിടങ്ങളിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ മേശയും ഡെസ്കും തമ്മിലുള്ള അകലം കൂടുതലായതിനാൽ മേശയുടെ മുകളിൽ ബുക്ക് വച്ച് ഇരുന്ന വായിക്കാനോ എഴുതാനോ കുട്ടികൾക്ക് സാധിക്കാത്ത നിലയിലാണുള്ളത്. എല്ലാ വിദ്യാർത്ഥികളും എഴുന്നേറ്റു നിന്നാണ് എഴുതുന്നത്. ഗവ. എൽ. പി. സ്കൂൾ കല്ലൂമുക്കിൽ വാങ്ങിയ ഡ്യുവൽ ഡെസ്കുകൾ ഉപയോഗിക്കാനാകാത്തതിനാൽ അവ കൂട്ടിയിട്ട നിലയിലാണുള്ളത്. ഗവ എൽ. പി. സ്കൂൾ മുത്തങ്ങയിൽ ഡെസ്ക് ഇല്ലാത്തതിനാൽ ഡ്യുവൽ ഡെസ്ക് ഉപയോഗിക്കുന്നുണ്ട്. 10 വർഷം വാറണ്ടിയുള്ള ഡ്യുവൽ ഡെസ്കുകൾ കുട്ടികൾക്ക് ഉപയോഗിക്കാവുന്ന തരത്തിൽ പുനക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഇക്കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29, തിയ്യതി.26/08/2019)നൽകിയ മറുപടിയിൽ സ്കൂളുകളിൽ വിതരം ചെയ്ത ഡ്യുവൽ ഡെസ്ക് ഓഡിറ്റ് ടീം നേരിൽ കണ്ട് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നാണ് മറുപടി ലഭ്യമാക്കിയത്. മറുപടി തൃപ്തികരമല്ല. കണ്ടെത്തിയ അപാകത സ്ഥലപരിശോധന നടത്തിയ ദിവസം തന്നെ പഞ്ചായത്ത് അധികാരികളെ ബോധ്യപ്പെടുത്തിയിട്ടുള്ള താണ്. അധികം നൽകിയ 30,800/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

ടെൻഡർ നടപടി ക്രമങ്ങളിലെ ഗുരുതരമായ അപാകതകൾ നിമിത്തവും വാങ്ങിയ സാധനങ്ങൾ മേൽ വിവരിക്കും പ്രകാരം ഉപയോഗയോഗ്യമല്ലാത്ത രീതിയിൽ അവശേഷിക്കുകയും ചെയ്യുന്നതിനാലും ബാക്കി തുക 8,77,400/-(9,08,200-30,800)ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു. 10 വർഷം വാറണ്ടിയുള്ള ഡ്യുവൽ ഡെസ്കുകൾ കുട്ടികൾക്ക് ഉപയോഗിക്കാവുന്ന തരത്തിൽ പുനക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം തടസ്സപ്പെടുത്തിയ തുക ഉത്തരവാദിയിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതായിരിക്കും.

# 3-2 ബിറ്റുമെൻ വാങ്ങിനല്കിയ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്ന 31 റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികൾക്കായി 2017-18 വർഷം പഞ്ചായത്ത് ബിറ്റുമെൻ വാങ്ങി നൽകിയിരുന്നു. എന്നാൽ ഈ പ്രവൃത്തികളിൽ 15 എണ്ണം 2017-18 വർഷം പൂർത്തീകരിച്ചതായും 10 എണ്ണം 2018-19 വർഷം പൂർത്തീകരിച്ചതായും രണ്ടെണ്ണം 2019-20 വർഷം പൂർത്തീകരിച്ചതായുമാണ് അസി.എഞ്ചിനീയർ ഓഡിറ്റിന് ഹാജരാക്കിയ രേഖകളിൽ നിന്നും റിപ്പോർട്ടിൽ നിന്നും മനസ്സിലാകുന്നത്. ബാക്കി 4 പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചതായി കാണുന്നില്ല. അവയുടെ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

എ) ഓഡിറ്റ് സമയത്തും നടപ്പാക്കാത്ത വർക്കുകൾ

| ക്രമ നം. | പ്രൊജക്റ്റ് നം., വർക്കിന്റെ പേര്, അടങ്കൽ, കരാർ നം. | 2017-18 ൽ നല്കിയ ബിറ്റുമെൻ അളവ്, വില | ബാക്കി തുക 2017-18 ൽ ലാപ്സായത് | 2018-19 ൽ വകയിരുത്തിയതും ലാപ്സായതുമായ തുക |
|---|---|---|---|---|
| 1 | 65/17-18, 304/18-19 പന്തൻകൊല്ലി റോഡ് ടാറിംഗ് | എസ്.എസ്.1 -204 കിലോ ആർ.എസ്. 1 – 54 കിലോ | 260097/- | 260097/- |

| | | | | |
|---|---|---|---|---|
| | അടങ്കൽ - 300,000/- കരാർ നം - 34/17-18/ 19.12.17 | എസ്.65 – 585.6 കിലോ ആകെവില – 39902.6 | | |
| 2 | 50/17-18 , 300/18-19 നാഗരംചാൽ- മാതമംഗലം റോഡ് റീ ടാറിംഗ് അടങ്കൽ - 200,000/- കരാർ നം - 29/17-18/ 19.12.17 | ആർ.എസ്. 1 47.03-കിലോ എസ്.65 – 646.56 കിലോ ആകെ വില -27056.96 | 172943/- | 172943/- |
| 3 | 52/17-18, 301/18-19 കല്ലുമുക്ക് ചുണ്ടപ്പാടി റോഡ് റീ ടാറിംഗ് അടങ്കൽ - 200,000/- കരാർ നം-30/17-18/ 19.12.17 | ആർ.എസ്. 1 156.8– കിലോ എസ്.65 – 1743.48 കിലോ ആകെവില – 74201.13 | 125799/- | 125799/- |
| 4 | 66/17-18, 305/18-19 നമ്പിക്കൊല്ലി പരിവാരം റോഡ് ടാറിംഗ് അടങ്കൽ - 200,000/ കരാർ നം - 35/17-18/ 19.12.17 | എസ്.എസ്.1- 63.75 കിലോ ആർ.എസ്. 1 - 16.875 കിലോ എസ്.65 – 183 കിലോ ആകെവില - 12469.57 | 187530/- | 187530/- |
| ആകെ | 900000/- | 153631/- | 746369/- | 746369/- |

2017-18 വർഷം കരാർ ചമച്ച മേൽ ഏകവർഷ പ്രൊജക്ടുകൾ 31.3.18 നകം പൂർത്തീകരിക്കേണ്ടവയായിരുന്നു. പഞ്ചായത്ത് 2017-18 വർഷംതന്നെ മേൽവിവരിക്കും പ്രകാരം ബിറ്റുമെൻ വാങ്ങി നല്കിയിട്ടും കരാറുകാരൻ വർക്കുകൾ 2017-18 ലോ 2018-19ലോ നിലവിലോ പൂർത്തീകരിച്ചിട്ടില്ല. എന്നിട്ടും കരാറുകാരനെതിരെ നടപടിയെടുത്തതായി കാണുന്നില്ല (ഫയലിൽ രേഖകളില്ല). വകയിരുത്തിയ തുക യഥാസമയം ചെലവഴിക്കാതെ പഞ്ചായത്തിന് നഷ്ടമായിട്ടും തുക കരാറുകാരനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിച്ചില്ല എന്ന് മാത്രമല്ല തുടർവർഷങ്ങളിലും തുക വകയിരുത്തുകയും എന്നാൽ ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നതിനാൽ പഞ്ചായത്തിന് ഫണ്ടുകൾ നഷ്ടമായിട്ടുണ്ട് .

ഈ സാഹചര്യത്തിൽ പഞ്ചായത്ത് വാങ്ങി നല്കിയ ബിറ്റുമെൻ വിലയായ 1,53,631/- രൂപ പലിശ സഹിതം, യഥാസമയം നടപടി സ്വീകരിച്ച് തുക ഈടാക്കാതിരുന്ന, ഉത്തരവാദികളിൽ നിന്നും, തുക ഈടാക്കുന്ന തിയ്യതി വരെ 18% നിരക്കിൽ പലിശ സഹിതം ഈടാക്കേണ്ടതാണ്.

മാത്രമല്ല 2017-18, 2018-19 വർഷങ്ങളിൽ കരാറുകാരൻ വർക്കുകൾ പൂർത്തീകരിക്കാത്തതിനാൽ മേൽ വിവരിച്ച പ്രകാരം 7,46,369/-രൂപ വീതം പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. ഈ തുകയും (746369 x2= 1492738) ഉത്തരവാദികളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. തൻവർഷം പഞ്ചായത്തിന് നഷ്ടമാക്കിയ തുക 7,46,369/-രൂപ ഈ റിപ്പോർട്ടിൽ സർച്ചാർജ് ചെയ്യാവുന്ന തുകകളിൽപ്പെടുത്തുന്നു. 2017-18 ൽ ചെലവാക്കാതെ ലാപ്സായ 7,46,369/- രൂപയും ബിറ്റുമെന്റെ വിലയായ 1,53,631/- രൂപയും ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതാണ്.

മേൽപ്പരാമർശിച്ചവയല്ലാതെ മറ്റ് വർക്കുകളും കരാർ തിയ്യതിക്കുള്ളിൽ തീർക്കാത്തതിനാൽ പഞ്ചായത്തിന് ഫണ്ട് നഷ്ടമാകുന്നുണ്ട്.

## 3-3 ടെണ്ടർ ബിലോ കുറവ് ചെയ്യാതെ തുക അനുവദിച്ചു.

കരാറുകാരൻ ടെണ്ടറിൽ എസ്റ്റിമേറ്റ് തുകയുടെ 10.6% കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത് ഉഭയകക്ഷി കരാറിൽ ഏർപ്പെട്ട് നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തിയുടെ ബിൽ തുക കണക്കാക്കിയതിലെ ന്യൂനത നിമിത്തം അധികച്ചെലവ് വന്നിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0421/15-16,<br>എസ്.0315/17-18<br>എസ്.256/18-19 |
| പ്രോജക്ട് | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം |
| അടങ്കൽ | ₹62,88,180/-<br>(₹12,57,691/-ധനകാര്യ കമ്മീഷൻ ഫണ്ട്,<br>₹49,70,988/- ലോക ബാങ്ക്,<br>₹59,501/- വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവ് | ₹54,43,297/-രൂപ<br>[₹6,41,220/-രൂപ ട്രഷറി ബിൽ നം.72/15-16/31/12/2015<br>₹12,71,885/-രൂപ ട്രഷറിബിൽ നം.139/15-16/17/03/2016<br>₹10,31,512/-രൂപ ട്രഷറി ബിൽ നം.262/15-16/31/03/2016<br>₹14,17,080/-രൂപ ട്രഷറി ബിൽ നം.56/16-17/31/03/2017<br>₹4,27,830/-രൂപ ട്രഷറി ബിൽ നം.09/17-18/31/10/2017<br>₹6,53,770/-രൂപ ട്രഷറി ബിൽ നം.29/18-19/ 31/05/2018] |
| എം. ബുക്ക് നമ്പർ | 01/16-17 (പേജുകൾ 01-56)<br>04/16-17 (പേജുകൾ 01-72)<br>05/16-17 (പേജുകൾ 01-64)<br>10/16-17 (പേജുകൾ 01-101)<br>16/16-17 (പേജുകൾ 01-15) |
| കരാറുകാരൻ | ശ്രീ. കെ. ഹുസൈൻ |
| കരാറുടമ്പടി നമ്പർ | 30/15-16, 19/12/2015 |

മേൽ പ്രവൃത്തിക്ക് അനുവദനീയമായതുമായ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തി മൂല്യം | ₹55,46,658/- |
| ടെണ്ടർ കുറവ് വരുത്തേണ്ടത്(10.6%) | ₹5,87,946/- |
| അനുവദനീയമായ തുക(5546658 - 587946) | ₹49,58,712/- |
| അധികമായി നൽകിയ തുക (5443297 - 4958712) | ₹4,84,585/- |

പാർട്ട് ബില്ലുകൾ അനുവദിച്ചപ്പോൾ ടെണ്ടർ ബിലോ കുറവ് ചെയ്യാതെ നൽകുകയും ഫൈനൽ ബില്ല് അനുവദിച്ചപ്പോൾ ആയത് കണക്കിലെടുക്കാതെ അവസാന പാർട്ട് ബില്ല് തുകയ്ക്ക് ആനുപാതികമായി മാത്രം ടെണ്ടർ ബിലോ കുറവ് ചെയ്യുകയും ചെയ്തതാണ് അധിക ചെലവിന് ഇടയാക്കിയത് എന്ന് കാണുന്നു.

ആയതിനാൽ അധികം നല്കിയ തുക 4,84,585/-രൂപ പാർട്ട് ബില്ലുകൾ അനുവദിച്ചപ്പോൾ ടെണ്ടർ ബിലോ കുറവ് ചെയ്യാതെ നൽകിയ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അപാകതകൾ ചൂണ്ടിക്കാണിച്ച് 2017-18 ഓഡിറ്റ് സമയത്ത് ഓഡിറ്റ് എൻക്വയറി നം. 28/2017-18/12.09.2018 പ്രകാരവും 2018-19 ഓഡിറ്റ് സമയത്ത് ഓഡിറ്റ് എൻക്വയറി.നം. 19/18-19/22.08.2019 മുഖേനയും നല്കിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

കരാറുകാരന് അധികമായി നൽകിയ ₹4,84,585/- തിരികെ ഈടാക്കി സഞ്ചിതനിധിയിൽ ഒടുക്കുവരുത്തി അറിയിക്കേണ്ടതാണ്.

## 3-4 ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തി - ഓവർഹെഡ് ചാർജ് ഉൾപ്പെട്ട എസ്റ്റിമേറ്റ് - മൂല്യനിർണ്ണയത്തോടൊപ്പം നികുതി തുകകൾ വീണ്ടും അനുവദിച്ചതിനാൽ അധികച്ചെലവ്

ഓഡിറ്റിന് ലഭ്യമാക്കിയ പ്രൊജക്ട് നം.270/19 മൂലവയൽ വെളുതൊണ്ടിറോഡ് സൈഡ് ഡ്രെയിനേജ് വർക്കിന്റെ എസ്റ്റിമേറ്റിൽ നിരക്കുകൾ കണക്കാക്കിയതിൽ 7.5% ഓവർഹെഡ് ചാർജും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ വർക്കിന്റെ മൂല്യനിർണ്ണയത്തോടൊപ്പം വീണ്ടും നികുതികൾ കൂടെ അനുവദിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (പി)നം. 30/2016/ധനം/29.02.2016 പ്രകാരം ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ 7.5% ഓവർഹെഡ് ചാർജുകൾ ഉൾക്കൊള്ളിക്കേണ്ടതും ഇപ്രകാരം ഓവർഹെഡ് ചാർജ്ജ് ഉൾക്കൊള്ളിച്ചിട്ടുള്ള എസ്റ്റിമേറ്റുകളിൽ നികുതികൾ ഗുണഭോക്തൃ സമിതികൾ വഹിക്കേണ്ടതുമാണ്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് അടങ്കൽ | ₹3,50,000/- |
| എസ്റ്റിമേറ്റ് നിരക്കിൽ മൂല്യനിർണ്ണയം | ₹3,41,089/- |
| ഈടാക്കേണ്ട നികുതികൾ | ₹13,644/- |
| കൺവീനർക്ക് നല്കാവുന്ന തുക | ₹3,27,445/- |
| കൺവീനർക്ക് നല്കിയ തുക | ₹3,36,356/- |
| അധികം നല്കിയ തുക | ₹8,911/- |

(ചെലവ് വിവരം - ട്രഷറി ബിൽ നം.11/18-19/22.3.19 -3,50,000/- രൂപ.)

അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/18-19 തീയ്യതി 24..08.2019.) മറുപടിയൊന്നും നല്കിയിട്ടില്ല. ഈ സാഹചര്യത്തിൽ അധികം നല്കിയ തുക 8911/- രൂപ ഓഡിറ്റിൽ അനുവദനീയമല്ലാത്ത ചെലവുകളിൽപ്പെടുത്തുന്നു.

# <u>ഭാഗം -4</u>

# <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 27.05.2019, 28.05.2019 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി. പി4-394/19 തീയതി 24.08.2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2121572 | നെൽകൃഷി കൂലിചെലവ് സബ്സിഡി ജനറൽ 8/19 | 21,21,572/- | |
| | 997955 | നെൽകൃഷി കൂലിചെലവ് സബ്സിഡി ടി.എസ്.പി 10/19 | 9,97,955/- | |
| | 2000000 | ലൈഫ് പദ്ധതി ജനറൽ 141/19 | 20,00,000/- | |
| | 1830200 | ലൈഫ് പദ്ധതി എസ്.ടി വിഭാഗം 144/19 | ₹18,30,200/- | |
| | 100000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് 120/19 | ₹1,00,000/- | |
| | 33334 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് ടി.എസ്.പി 122/19 | ₹33,334/- | |
| ജില്ലാ പഞ്ചായത്ത് | 2778000 | നെൽകൃഷി കൂലിചെലവ് സബ്സിഡി ജനറൽ 8/19 | ₹27,78,000/- | |
| | 1280450 | നെൽകൃഷി കൂലിചെലവ് സബ്സിഡി ടി.എസ്.പി 10/19 | ₹12,80,045/- | 405/- |
| | 650000 | നെൽകൃഷി കൂലിചെലവ് സബ്സിഡി എസ്.സി.പി 11/19 | ₹6,50,000/- | |
| | 871788 | ലൈഫ് പദ്ധതി ജനറൽ 141/19 | ₹8,71,788/- | |
| | 827595 | ലൈഫ് പദ്ധതി എസ്.ടി വിഭാഗം 144/19 | ₹8,27,595/- | |
| | 400000 | പാലിന് സബ്സിഡി ജനറൽ 115/19 | ₹4,00,000/- | |
| സെൻട്രൽ ഷെയർ | 1937595 | അങ്കണവാടി പോഷകാഹാരം 110/19 | ₹9,92,673/- | 9,44,922/- |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. .തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെല വഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| അനർട്ട് | സോളാർ പാനൽ സ്ഥാപിക്കൽ | 18180352016000916407 (NEFT) | ₹4,00,000/- | ₹2,92,287/- | ₹1,07,713/- |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

--ഇല്ല--

# 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം അടവാക്കാനുണ്ടായിരുന്ന പലിശ | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| സാഫല്യം ഭവന പദ്ധതി | ജി.ഒ എം. എസ്. 83/13/lsgd dt. 11.03.2013 | 2,00,00,000 | 1,04,68,723 | 11,61,853 | 15,00,000 | 8,00,000 | മുതൽ 89,68,723/- പലിശ 361,853/- |

വായ്പാ രജിസ്റ്ററും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്കനുസരിച്ച് (2017-18- ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-5) ഈയിനത്തിൽ മുൻബാക്കിയായി കാണിച്ചിരിക്കുന്നത് 79,52,489/- രൂപയും 2018-19 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-5 ൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത് (ഹെഡ്കോഡ് - 330500102) 64,52,489/- രൂപയുമാണ്. രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങളാണ് മുകളിൽ ചേർത്തിരിക്കുന്നത്. 2018-19 ൽ പലിശയിനത്തിൽ അടവാക്കാനുണ്ടായിരുന്നത് 11,77,209/- രൂപയാണ്. 2017-18 ൽ അടച്ച പിഴപലിശ ക്രമീകരിച്ചതിനുശേഷം തൻവർഷം അടവാക്കാനുണ്ടയിരുന്നത് 11,61,853/- രൂപയാണ്. ഇതിൽ തൻവർഷം പലിശയിനത്തിൽ അടവാക്കിയത് 8 ലക്ഷം രൂപ മാത്രമാണ്.

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | ഇല്ല |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ഇല്ല |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-3 | 2016-17 | 2-2 | തൊഴിൽനികുതി പിരിച്ചെടു ക്കാത്തത് സംബന്ധിച്ച് | തൊഴിൽനികുതി ബാധകമായ എല്ലാ സ്ഥാപങ്ങളിൽ നിന്നും കുടിശ്ശിക സഹിതം തൊഴിൽനികുതി പൂർണ്ണമായും പിരിച്ചെടുത്തു. |
| 2016-17 | 2-2 | 2017-18 | 1.12.4 | റിസോർട്ടുകളെ ലോഡ്ജ് ആയി കണക്കാക്കി നികുതി നിർണ്ണയിക്കുന്നു | -- |
| 2016-17 | 2-4 | 2017-18 | 1.12.5 | സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്നിവയ്ക്ക് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല. | |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

--ഇല്ല--

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

--ഇല്ല--

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹13,62,71,780/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹12,89,38,555/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹12,70,665/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹62,98,059/- |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| | | 2017-18 | 2018-19 | |
| 3-1 | | | 30,800 | ശ്രീമതി.ഷീലാ തോമസ്, ഹെഡ്മാസ്ററർ |
| 3-2 | | | 7,46,369 | ശ്രീ.സലോഷ്.കെ.എൽദോ അസി.എഞ്ചിനീയർ |
| | | 7,46,369 | | ശ്രീ.സലോഷ്.കെ.എൽദോ അസി.എഞ്ചിനീയർ |
| | | 1,53,631 | | ശ്രീസലോഷ്.കെ.എൽദോ അസി.എഞ്ചിനീയർ |
| 3-3 | | | 4,84,585 | ശ്രീ.സലോഷ്.കെ.എൽദോ അസി.എഞ്ചിനീയർ |
| 3-4 | | | 8,911 | ശ്രീ ശ്രീജിത്ത്.എസ്, അസി.എഞ്ചിനീയർ |
| | | | 12,70,665 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | 2017-18 | 2018-19 | |
| 1-16 | | 19,99,200 | ശ്രീ. വി. ഉസ്മാൻ, സെക്രട്ടറി |
| 1-17 | | 4,00,000 | ശ്രീ വിജയൻ ടി.വി, സെക്രട്ടറി |
| 1-18 | | 23,00,000 | ശ്രീ വിജയൻ ടി.വി, സെക്രട്ടറി |
| 1-21 | 1,30,000 | | -- |
| | | 2,18,790 | ശ്രീ ലെനിൻ, വി.ഇ.ഒ (₹1,50,020/-) |
| | | | [illegible] |

| | | | |
|---|---|---|---|
| | | | ശ്രീ ബിജു, വി.ഇ.ഒ (₹68,770/-) |
| 1-22 | | 1,27,087 | ശ്രീ മുഹമ്മദ് നൗഫൽ, വി.ഇ.ഒ (₹25,583/-) |
| | | | ശ്രീ ലെനിൻ,വി.ഇ.ഒ(₹25,952/-) |
| | | | ശ്രീ ബിജു, വി.ഇ.ഒ.(₹75,552/-) |
| 1-24 | | 1,48,538 | ശ്രീമതി.ഷീലാ തോമസ്, ഹെഡ്മാസ്റ്റർ |
| 1-25 | | 1,39,587 | ശ്രീമതി.ഷീലാ തോമസ്, ഹെഡ്മാസ്റ്റർ |
| 1-26 | | 87,457 | ശ്രീമതി.ഷീലാ തോമസ്, ഹെഡ്മാസ്റ്റർ |
| 3-1 | | 8,77,400 | ശ്രീമതി.ഷീലാ തോമസ്, ഹെഡ്മാസ്റ്റർ |
| ആകെ | | 62,98,059 | |

**2017-18 ലെ തുകകൾ ഓഡിറ്റിൽ നിരാകരിച്ച തുക, ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക എന്നിവ കണക്കാക്കുന്നതിൽ ഉൾപ്പെടുത്തിയിട്ടില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വി. ഉസ്മാൻ, സെക്രട്ടറി | സെക്രട്ടറി, കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് | വെള്ളച്ചാൽ ഹൗസ്, തൊണ്ടർനാട്, പി.ഒ.മാനന്തവാടി |
| ശ്രീ വിജയൻ ടി.വി, സെക്രട്ടറി | സെക്രട്ടറി, നാറാണാമൂഴി ഗ്രാമപഞ്ചായത്ത് | തോപ്പിൽ മേലെ മുറിയിൽ, കുരമ്പാല,പന്തളം പി.ഒ |
| ശ്രീ ലെനിൻ, വി.ഇ.ഒ | വി.ഇ.ഒ, മുട്ടിൽ ഗ്രാമപഞ്ചായത്ത് | തെക്കുംപുറത്ത്, നൂൽപ്പുഴ പി.ഒ, കല്ലുമുക്ക് |
| ശ്രീ ബിജു, വി.ഇ.ഒ | വി.ഇ.ഒ, നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് | കിഴക്കേതിൽ വീട്, റാട്ടക്കൊല്ലി ഹിൽസ്, കൽപ്പറ്റ.പി.ഒ |
| ശ്രീ മുഹമ്മദ് നൗഫൽ, വി.ഇ.ഒ | വി.ഇ.ഒ, പൊഴുതന ഗ്രാമപഞ്ചായത്ത് | പുത്തൻപീടികക്കൽ, മുക്കിൽ പീടിക, മേപ്പാടി.പി.ഒ |
| ശ്രീമതി.ഷീലാ തോമസ്, ഹെഡ്മാസ്റ്റർ | സേവനത്തിൽ നിന്നും വിരമിച്ചു | തണ്ണിക്കോട് വീട്, കല്ലൂർ,നൂൽപ്പുഴ പി.ഒ |
| ശ്രീ.സലോഷ്.കെ.എൽദോ അസി.എഞ്ചിനീയർ | -- | കണ്ടോത്തറയിൽ വീട്, പുത്തൻകുന്ന് പി.ഒ, സുൽത്താൻ ബത്തേരി |

| | | |
|---|---|---|
| ശ്രീ ശ്രീജിത്ത്.എസ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് | ശ്രീനിലയം, മൂഹമ്മ പി.ഒ. ആലപ്പാട് |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | എൽ. എഫ് (ഡബ്ല്യു) P4-966/08(1),06.09.2008 |
| 1999-2000 | എൽ. എഫ് (ഡബ്ല്യു) P4-351/18. 21.05.2018 |
| 2000-01 | എൽ. എഫ് (ഡബ്ല്യു) പി1-188/02,07.06.2003 |
| 2001-02 | എൽ. എഫ് (ഡബ്ല്യു) P3-467/04,14.10.2004 |
| 2002-03 | എൽ. എഫ് (ഡബ്ല്യു) പി4-107/07, 06.02.2008 |
| 2003-04 | എൽ. എഫ് (ഡബ്ല്യു) P4-661/08(1), 04.12.2008 |
| 2004-05 | എൽ. എഫ് (ഡബ്ല്യു) P4-351/18, 21.05.2018 |
| 2005-06 | എൽ. എഫ് (ഡബ്ല്യു) P4-66/08 . 11/06/2019 |
| 2006-07 | എൽ. എഫ് (ഡബ്ല്യു) P4-841/09. 8.1.10 |
| 2007-08 | എൽ. എഫ് (ഡബ്ല്യു) P4-842/09/ 7.1.10 |
| 2008-09 | എൽ. എഫ് (ഡബ്ല്യു) P4-388/11. 1.10.11 |
| 2009-10 | എൽ. എഫ് (ഡബ്ല്യു) P4-461/11 11/06/2019 |
| 2010-11 | എൽ. എഫ് (ഡബ്ല്യു) P4-796/13,19.07.2013 |
| 2011-12 & 2012-13 | എൽ. എഫ് (ഡബ്ല്യു) P5-506/14, 11.06.2019 |
| 2013-14 | കെ. എസ്. എ (ഡബ്ല്യു.വൈ.ഡി )-P4-475/15, 17.08.2016 |
| 2014-15 | കെ. എസ്. എ (ഡബ്ല്യു.വൈ.ഡി )-P4-429/16 ,25.03.2017 |
| 2015-16 | കെ. എസ്. എ (ഡബ്ല്യു.വൈ.ഡി )-P4-880/16 , 15.03.2019 |
| 2016-17 | കെ. എസ്. എ (ഡബ്ല്യു.വൈ.ഡി)-പി4- 575/17,16.10.2018 |
| 2017-18 | കെ. എസ്. എ (ഡബ്ല്യു.വൈ.ഡി)-പി4 -874/18 02/08/2019 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

# അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.ഡബ്ല.വൈ.ഡി. പി.4-722/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കൽപ്പറ്റ – 673121
തിയ്യതി : 18/09/2019
Phone- 04936 203672
Email- dowyd.ksad@kerala.gov.in.

<u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻറെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും/1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 31/03/2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെൻറിൻറെ പരിശോധിന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൻറെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എൻറെ അഭിപ്രായത്തിൽ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെൻറ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

# <u>അനുബന്ധം 2 വാർഷിക കണക്കുകളിലെ അപാകതകൾ</u>

<u>ന്യൂനതകളുടെ സംഗ്രഹം</u>

1. അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൌണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

2. വസ്തുനികുതി - സഞ്ചയ സോഫ്റ്റ്‌വെയർ കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | കുടിശ്ശിക ഡിമാന്റ് | തൻവർഷ ഡിമാന്റ് | കുടിശ്ശിക കളക്ഷൻ | തൻവർഷ കളക്ഷൻ | കുടിശ്ശിക ബാലൻസ് | തൻവർഷ ബാലൻസ് |
|---|---|---|---|---|---|---|
| സഞ്ചയ | 5,19,516 | 35,03,068 | 5,19,516 | 33,79,346 | 0 | 0 |
| വാർഷിക കണക്ക് | 4,18,497 | 33,38,062 | 4,73,405 | 32,38,354 | 0 | 0 |

3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ വാഹനം ഒഴികെയുള്ള ആസ്തികൾക്ക് തൻവർഷത്തേയ്ക്കുള്ള ഡിപ്രിയിസേഷൻ രേഖപ്പെടുത്തിയിട്ടില്ല.
4. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ല.
5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
6. സാഫല്യം ഭവന നിർമ്മാണം- ലോൺ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
7. 11.09.2018 ലെ കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി പി4-511/18 നമ്പർ അക്കൗണ്ട് സർട്ടിഫിക്കറ്റിലെ ക്രമ.നം. 1, 5, 7, 9, 10, 11, 12, 16 എന്നിവ പ്രകാരമുള്ള അപാകതകൾ ഇതു വരെ പരിഹരിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

# അനുബന്ധം - 3 വാർഷിക കണക്കിന്റെ സംക്ഷിപ്തം

NOOLPUZHA GRAMA PANCHAYATH

Income & Expenditure Statement

for the period from 01 April 2018 to 31 March 2019

| Code | Head of Account | Schedule | Amount (Rs.) |
|---|---|---|---|
| Income | | | |
| 110000000 | Tax Revenue | I-1 | 5,003,272.00 |
| 130000000 | Rental income from Panchayat Properties | I-3 | 72,428.00 |
| | | | |

| | | | |
|---|---|---|---|
| 140000000 | Fee & User Charges | I-4(b) | 508,619.00 |
| 150000000 | Sale& Hire Charges | I-5(b) | 146,895.00 |
| 160000000 | Revnue Grants, Funds, Contributions & Compensations | 1-6 | 208,475,505.00 |
| 171000000 | Interest Earned | I-8 | 357,285.00 |
| 180000000 | Other Income | I-9 | 3,211.00 |
| A | Total Income | | 214,567,215.00 |
| | Expenditure | | |
| 210000000 | Establishment Expenses | I-10(b) | 12,847,607.00 |
| 220000000 | Administrative Expenses | I-11(b) | 1,443,701.00 |
| 230000000 | Operations & Maintanance | I-12(b) | 2,714,577.00 |
| 240000000 | Interest & Finance charges | I-13 | 804,619.00 |
| 250000000 | Decentralised Plan Programme – Prodective sector | I-14 | 22,742,765.00 |
| 251000000 | Decentralised Plan Programme – Service sector | I-14(a) | 117,849,648.00 |
| 252000000 | Decentralised Plan Programme – Infrastructure sector | I-14(b) | 3,116,071.00 |
| 253000000 | Decentralised Plan Programme – Projects not included in sector Division | I-14(c) | 1,785,237.00 |
| 254000000 | Expenditure of Tramsffered Institutions and State Sponsered Scheme (not inculed under Decentralised Plan Programme) | I-14(d) | 45,639,940.00 |
| 255000000 | Maintances Projects | I-14(e) | 6,595,503.00 |
| 256000000 | Other Refvenue Grants & Funds – Revenue Expenses | I-15(a) | 1,185,442.00 |
| 260000000 | Grants, Contributions and Compensations from Own Fund | I-15 | 577,700.00 |
| 272000000 | Depreciation | I-17(a) | 151,413.00 |
| B | Total Expenditure | | 216,914,223.00 |
| C= A-B | Gross Surplus/Deficit of Income over Expenditure | | (1,77,98,350.00) |
| D=280000000 | Prior Period Item | I-18 | (62,416.00) |
| E = C-D | Gross Surplus/Deficit of Income over Expenditure after prior period Items | | (2,284,592.00) |
| 290000000 | Transfer to Reserve Funds | | |
| | Net balance being surplus/defict carried over to balance sheet (Panchayath Fund) | | |

NOOLPUZHA GRAMA PANCHAYATH

Receipt & Payment Statement

for the period from 01 April 2018 to 31 March 2019

| Code | Head of Account | Schedule | Amount (Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 13,472,013.00 |
| | Cash | RP-40(a) | 96,541.00 |
| Receipt | | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1,413,870.00 |
| 130000000 | Rental Income from Panchayat Properties | RP-3 | 3,500.00 |
| 140000000 | Fee & User Charges | RP-4 | 413,319.00 |
| 150000000 | Sale& Hire Chargrs | RP-5 | 146,895.00 |
| 160000000 | Revnue Grants, Funds, Contributions &Compensations | RP-7 | 92,408,213.00 |
| 171000000 | Interest Earned | RP-9 | 357,285.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 25,787,000.00 |
| 350000000 | Other Liabilities | RP-36 | 2,849,994.00 |
| Non Operating | | | |
| 180000000 | Other Income | RP-10 | 3,211.00 |
| 311000000 | Earmarked Funds | RP-29 | 198,113.00 |
| 330000000 | Secured Loans | RP-32 | 7,935,287.00 |
| 340000000 | Deposits Received | RP-34 | 278,340.00 |
| 350000000 | Other Liabilities | RP-36 | 395,036.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4,044,977.00 |
| 460000000 | Loans: Advances and Deposits | RP-47 | 35,940.00 |
| Grand Total | | | 149,840,334.00 |
| Payments | | | |
| Operating | | | |

| | | | |
|---|---|---|---|
| 210000000 | Establishment Expences | RP-11 | 4,689,300.00 |
| 220000000 | Administrative Expences | RP-12 | 1,442,701.00 |
| 230000000 | Operations & Maintanance | RP-13 | 2,107,190.00 |
| 250000000 | Decentralised Plan Programme – Prodective sector | RP-15 | 22,044,288.00 |
| 251000000 | Decentralised Plan Programme – Service sector | RP-16 | 55,025,650.00 |
| 252000000 | Decentralised Plan Programme – Infrastructure sector | RP-17 | 3,116,071.00 |
| 253000000 | Decentralised Plan Programme – Projects not included sector Devision | RP-18 | 1,753,933.00 |
| 254000000 | Expenditure of Transfered Institutions and State Sponsered Scheme (not ) | RP-19 | 138,240.00 |
| 255000000 | Maintances Projects | RP-20 | 6,595,503.00 |
| 256000000 | Other Revenue Grants & Funds – Revenue Expenses | RP-21 | 1,139,048.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 77,700.00 |
| 280000000 | Prior Period Item | RP-26 | 9,062.00 |
| 320000000 | Grands, Funds & Contribution for Specific Purpose | RP-31 | 3,138,555.00 |
| 350000000 | Other Liabilities | RP-36 | 6,159,186.00 |

| | | | |
|---|---|---|---|
| Non Operating | | | |
| 240000000 | Interest & Finance charges | RP-14 | 804,619.00 |
| 330000000 | Secured Loans | RP-32 | 1,500,000.00 |
| 340000000 | Deposits received | RP-34 | 248,280.00 |
| 350000000 | Other Liabilities | RP-36 | 2,833,700.00 |
| 410000000 | Fixed Assets | RP-38 | 6,582,383.00 |
| 412000000 | Capital Work in Progress | RP-40 | 7,781,479.00 |
| 460000000 | Loans, Advances and Deposits | RP-47 | 1,751,667.00 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 20,885,765.00<br>16,014.00 |
| Grand total | | | 149,840,334.00 |

DEPUTY DIRECTOR

NOOLPUZHA GRAMA PANCHAYATH

BALANCE SHEET

As on 31 March 2019

| Code No. | Description of Items | Schedule | Amount (Rs.) |
| --- | --- | --- | --- |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Municipal (General) Fund [Code No. 3101] | B-1 | 77,14,903.15 |
| 311000000 | Earmarked Funds | B-2 | 1,98,913.00 |
| 312000000 | Reserves | B-3 | 11,55,26,164.00 |
| | Total reserve & Surplus | | 12,34,39,980.15 |
| 320000000 | Grants, Contributions for Specific Purposes<br>Grants, Funds & Contributions for Specific Purposes | B-4 | 1,18,66,172.00 |
| | Total Grants, Contributions for Specific P | | 1,03,93,404.00 |

| | | | |
|---|---|---|---|
| | Purposes | | |
| | Loans | | |
| 330000000 | Secured Loans | B-5 | 1,43,87,776.00 |
| | Total Loans | | 1,43,87,776.00 |
| Current Liabilities & Provisions | | | |
| 340000000 | Deposits Received | B-7 | 20,65,600.00 |
| 350000000 | Other Liabilities | B-9 | 45,85,733.85 |
| 360000000 | Provisions | B-10 | 0.00 |
| | Total Current Liabilities & Provisions | | 66,51,333.85 |
| | TOTAL LIABILITIES | | 15,63,45,262.00 |
| | ASSETS<br>Current Liabilities and Provisions | | |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.00 |
| | Total Current Liabilities and Provisions | | 0.00 |
| | FIXED ASSETS | | |
| 410000000 | Fixed Assets | B-11 | 13,21,40,252.00 |
| 411000000 | Accumulated Depreciation | B-11 | (51,65,775.00) |
| 412000000 | Capital Work in progress | B-11(a) | 1,98,615.00 |
| | Total Fixed assets | | 12,71,73,092.00 |
| 420000000 | Investments<br>investments | B-12 | 0.00 |
| | Total Investments | | 0.00 |
| | Current Assets. Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.00 |
| 431000000 | Sundry Debtore (Receivable) | B-15 | 1,328.00 |
| 440000000 | Pre-paid Expences | B-16 | 64,52,489.00 |
| 450000000 | Cash and bank balance | B-17 | 2,09,01,779.00 |
| 460000000 | Loans, Advance and Deposits | B-18 | 18,16,574.00 |
| | Total Current Assets, Loans and Advances | | 2,91,72,170.00 |
| | TOTAL ASSETS | | 15,63,45,262.00 |

DEPUTY DIRECTOR